**3 - 6 ഭവന പുനരുദ്ധാരണം - ഗുണഭോക്താക്കളെ വാർഡ്സഭ തെരെഞ്ഞെടുക്കാതെ ആനുകൂല്യം നൽകി**

ഭവന പാനരുദ്ധാരണം - (എസ്.സി.) നമ്പർ 301/12

| | | | | | |
|---|---|---|---|---|---|
| ബിൽ നമ്പർ | - | 20/11-12 | 3,38,551/- | തീയതി 31.03.2012 | 2011 - 12 |
| | - | 22/11-12 | 1,27,500/- | " 31.03.2012 | |
| | - | 23/11-12 | 82,500/- | " 31.03.2012 | |
| | - | 14/11-12 | 30,000/- | " 24.03.2012 | |
| | - | 17/11-12 | 15,000/- | " 29.03.2012 | |
| (തനത്ഫണ്ട് ചെക്ക് നം.239229. തീയതി 31.03.12.) | | | 6,449/- | | |
| | | | 6,00,000/- | | |
| ബിൽ നം. | - | 1/12-13 | 75,000/- | | 2012 - 13 |
| ബിൽ നം. | - | 2/12-13 | 1,95,000/- | 28.06.2012 | |
| ബിൽ നം. | - | 4/12-13 | 60,000/- | 18.09.2012 | |
| ബിൽ നം. | - | 5/12-13 | 52,500/- | 11.10.2012 | |
| ബിൽ നം. | - | 9/12-13 | 52,500/- | 08.10.2012 | |
| ബിൽ നം. | - | 6/12-13 | 37,500/- | 16.03.2013 | |
| ബിൽ നം. | - | 13/12-13 | 37,500/- | 25.03.2013 | |
| **ആകെ** | | | **11,10,000/-** | | |

Local Fund Audit Department

മേൽ പ്രൊജക്ട് പ്രകാരം 75 ഗുണഭോക്താക്കൾക്ക് (73 ഗുണഭോക്താക്കൾക്ക് 15,000/- രൂപ വീതവും 2 ഗുണഭോക്താക്കൾക്ക് 7,500/- രൂപ വീതവും)11,10,000/- രൂപ ധനസഹായം നൽകി യിട്ടുണ്ട്. വിശദാംശം അനുബന്ധം ആയി ചേർത്തിരിക്കുന്നു. കേരള മുനിസിപ്പാലിറ്റി ആക്ട് 45 (1) (സി) പ്രകാരം വിവിധ പദ്ധതികൾക്കുള്ള ഗുണഭോക്താക്കളെ കണ്ടെത്തി മുൻഗണന നിശ്ചയിച്ച് കൗൺസിലിന് നൽകേണ്ടത് വാർഡ്സഭയുടെ ചുമതലയാണ്. കൂടാതെ ജി.ഒ.(പി) 220/97/ ത.സ്വ.ഭ.വ. തീയതി.02.10.97, സർക്കുലർ നം.37806/എൽ.3/98/ത.സ്വ.ഭ.വ.തീയതി.10.09.98 ഖണ്ഡിക-19 എന്നിവ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് തെരെഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് മാത്രമേ ധനസഹായം നൽകാൻ വ്യവസ്ഥയുള്ളൂ. എന്നാൽ ധനസഹായം നൽകുന്നതിനായി നിർവഹണ ഉദ്യോഗസ്ഥയുടെ ഓഫീസിൽ അപേക്ഷ ക്ഷണിച്ചതിൽ ലഭിച്ച 88 അപേക്ഷകൾ മുൻഗണനാ ലിസ്റ്റ് അംഗീകരിച്ചു നൽകുന്നതിനായി ഗുണഭോക്താക്കളുടെ ലിസ്റ്റും അപേക്ഷകളും നഗരസഭായിലേക്ക് 07.03.12 ന് അയച്ചതായും 84 ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കി നഗരസഭാ ചെയർപേഴ്സൺ ഒപ്പിട്ട് നൽകിയത് 22.03.2012 ന് ഓഫിസിൽ ലഭിച്ചതായും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഈ ലിസ്റ്റിൽ ഉൾപ്പെട്ട 75 ഗുണഭോക്താക്കൾക്കാണ് നിർവ്വഹണ ഉദ്യോഗസ്ഥ ധനസഹായം നൽകിയത്. വാർഡ്സഭാ മിനുട്സ് പരിശോധിച്ചതിൽ ഈ ലിസ്റ്റിൽ ഉൾപ്പെട്ട 75 ഗുണഭോക്താക്കളെയും വാർഡ്സഭ തെരെഞ്ഞെടുത്ത് മുൻഗണന നിശ്ചയിച്ച് കൗൺസിൽ അംഗീകരിച്ച് നൽകിയിട്ടില്ല. അതുകൊണ്ടുതന്നെ വാർഡ്സഭാ അംഗങ്ങൾക്ക് ഗുണഭോക്താക്കളുടെ അപേക്ഷകൾ മുൻഗണനാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് അർഹതയും മുൻഗണനയും നിശ്ചയിക്കാനുള്ള അവസരം നിഷേധിക്കപ്പെടുകയും കേരള മുനിസിപ്പാലിറ്റി ആക്ട് 45 (1) (സി) വകുപ്പു പ്രകാരമുള്ള ചുമതല നിറവേറ്റാൻ കഴിയാത്ത സാഹചര്യം ഉണ്ടാകുകയും ചെയ്തു. അർഹരായ മുഴുവൻ ആളുകൾക്കും അപേക്ഷ നൽകാനും ഗുണഭോക്തൃ തെരെഞ്ഞെടുപ്പിലെ സുതാര്യത ഉറപ്പാക്കാനും കഴിഞ്ഞിട്ടില്ല. നൽകിയ 11,10,000/- രൂപ ഉത്തരവാദിയായ നഗരസഭാ ചെയർപേഴ്സണിൽ നിന്നും ഈടാക്കേണ്ടതാണ്. മേൽ നിയമങ്ങൾക്കും ഉത്തരവുകൾക്കും വിരുദ്ധമായി ചെയർപേഴ്സൺ ഒപ്പിട്ടു നൽകിയ 84 ഗുണഭോക്താക്കളുടെ ലിസ്റ്റ് അടിസ്ഥാനമാക്കി അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് 23.07.2013 ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 3/11-12) മറുപടി ലഭ്യമാക്കിയിട്ടില്ല.

Local Fund Audit Department

## അനുബന്ധം

എസ്.സി. വീട് റിപ്പയർ മുൻഗണനാ ലിസ്റ്റ്

| ക്രമ നം. | പേര് | വാർഡ് | നൽകിയ തുക |
|---|---|---|---|
| 1 | കൃഷ്ണൻ, പിള്ളാമ്പുറത്ത് താഴെ, കൊല്ലം | 9 | 15,000 |
| 2 | കല്ല്യാണി, കുന്ന്യോറമലയിൽ | 11 | 15,000 |
| 3 | നാരായണൻ, കുന്ന്യോറമലയിൽ | 11 | 15,000 |
| 4 | നാരായണൻ. കെ.വി. ചാത്താത്ത് കുന്നുമ്മൽ | 9 | 15,000 |
| 5 | നാരായണൻ.കെ., കാനത്തിൽ | 2 | 15,000 |
| 6 | ചന്ദ്രി, പാലക്കിൽ താഴെ | 6 | 15,000 |
| 7 | ദാസൻ, കൊടവയൽ | 17 | 15,000 |
| 8 | ലക്ഷ്മി, എരഞ്ഞമ്പലത്ത് താഴെ | 17 | 15,000 |
| 9 | ബാലൻ, ചെമ്പിൽ വയൽ | 17 | 15,000 |
| 10 | വേലായുധൻ. വി.എം., വാരിക്കോട്ട് | 21 | 15,000 |
| 11 | ശേഖരൻ, മേനോക്കിവീട്ടിൽ താഴെ | 18 | 15,000 |
| 12 | കുട്ടിപ്പറായി, പാറടമീത്തൽ | 22 | 15,000 |
| 13 | ബാബു, എരഞ്ഞമ്പലത്ത് താഴെ | 17 | 15,000 |
| 14 | രാജൻ, കിഴക്കേ പറയച്ചാലിൽ മീത്തൽ | 22 | 15,000 |

| | | | |
|---|---|---|---|
| 15 | ഗംഗാധരൻ, വരുകുന്നുമ്മൽ | 26 | 15,000 |
| 16 | ജാനകി, പുത്തൻപുര മീത്തൽ | 13 | 15,000 |
| 17 | പ്രമോദൻ, മഞ്ഞളാട്ടുമ്മൽ | 22 | 15,000 |
| 18 | ബാലൻ, കുറ്റിവയൽ | 32 | 15,000 |
| 19 | വത്സല മഠത്തിൽ താഴെ | 17 | 15,000 |
| 20 | നാരായണൻ, കുറ്റിമാക്കൂൽ കുനി | 6 | 15,000 |
| 21 | കല്ല്യാണി. സി.പി. ചാത്തോത്ത് താഴെ | 9 | 15,000 |
| 22 | രാജൻ, എ.ടി. അരൂത്താഴെ | 32 | 15,000 |
| 23 | ആനന്ദൻ, വട്ടക്കുന്നത്ത് | 25 | 15,000 |
| 24 | വേലായുധൻ, കെ.വി. കുറ്റിവയൽ | 32 | 15,000 |
| 25 | വേണു, കൈതവളപ്പിൽ താഴെ (1 ഗഡു) | 27 | 7,500 |
| 26 | നാരായണി, കെ.വി., കുറ്റിവയൽ | 32 | 15,000 |
| 27 | ദേവി, കെ.വി., കുറ്റിവയൽ | 32 | 15,000 |
| 28 | കല്ല്യാണി, കുന്നത്ത് നടുക്കണ്ടി | 25 | 15,000 |
| 29 | പറി. തച്ചംവള്ളിത്താഴെ | 31 | 15,000 |
| 30 | നാരായണി, കുഴുമിനിലത്ത് | 32 | 15,000 |
| 31 | കല്ല്യാണി, കുട്ടത്ത്കുന്നുമ്മൽ | 10 | 15,000 |
| 32 | പ്രഭാകരൻ, കുനി നിലത്ത്കുനി | 13 | 15,000 |
| 33 | മാധവി, വരകുന്നുമ്മൽ | 26 | 15,000 |
| 34 | ലീല. വി.കെ. വെങ്ങളത്ത്കണ്ടി | 16 | 15,000 |
| 35 | ദിനേശൻ. വി.കെ. വരകുന്നുമ്മൽ | 26 | 15,000 |
| 36 | മീനാക്ഷി.വി.കെ. സൂത്രകാട്ടിൽ | 32 | 15,000 |
| 37 | വാസു. വരകുന്നുമ്മൽ | 26 | 15,000 |
| 38 | ഗംഗാധരൻ, കുരുവോട്ട്താഴെ കുനി | 2 | 15,000 |
| 39 | ശിവൻ, താഴെക്കൂടത്തിൽ | 18 | 15,000 |
| 40 | രവി, ആറാംകണ്ടത്തിൽ | 17 | 15,000 |
| 41 | ശ്രീധരൻ, വലിയപുനത്തിൽ താഴെ | 25 | 15,000 |
| 42 | അനിത, നടുക്കണ്ടി | 25 | 15,000 |
| 43 | പരമേശ്വരൻ, കാട്ടുവയൽ താഴെ | 14 | 15,000 |
| 44 | നാരായണി, പെരുങ്കുനി താഴെ | 27 | 15,000 |
| 45 | രാധ. എൻ.കെ., നടുക്കണ്ടി | 25 | 15,000 |
| 46 | ദേവി, പാവുവയലിൽ | 29 | 15,000 |
| 47 | ശശിധരൻ, വലിയഞ്ഞാറ്റിൽ | 3 | 15,000 |
| 48 | ചന്ദ്രി.ടി.ബി. സ്നേഹതീരം | 18 | 15,000 |

Local Fund Audit Department

| | | | |
|---|---|---|---|
| 49 | ലീല.എം.കെ., നെല്ലിക്കോട്ട് കുന്നുമ്മൽ | 15 | 15,000 |
| 50 | ബാബു., കിഴക്കേ പറയച്ചാൽ | 22 | 15,000 |
| 51 | ലീല, ചെറിയ കുനി | 29 | 15,000 |
| 52 | കല്യാണി, ചെമ്പിൽ വയൽ | 17 | 15,000 |
| 53 | പെണ്ണൂട്ടി, പെരുങ്കുനി | 4 | 15,000 |
| 54 | പുതിയറ, മഠത്തിൽ താഴെ | 17 | 15,000 |
| 55 | ശിവൻ. എൻ.കെ. നിറ്റവയൽ | 29 | 15,000 |
| 56 | ശിവൻ, ചൂരോളിക്കുനിയിൽ | 30 | 15,000 |
| 57 | കെ. ഭാസ്കരൻ, തൊടുവയൽ താഴെ | 8 | 15,000 |
| 58 | ബീന.കെ.എം., കുന്ന്യോറമലയിൽ | 11 | 15,000 |
| 59 | സാവിത്രി, കുഴിച്ചാലിൽ | 13 | 15,000 |
| 60 | ബാബു. വട്ടാറമ്പത്ത് താഴെകുനി | 13 | 7,500 |
| 61 | ശോഭന. പി.കെ. വട്ടക്കുന്നത്ത് (1 ഗഡു) | 25 | 15,000 |
| 62 | കുഞ്ഞിക്കണ്ണൻ, മാതോനമീത്തൽ | 21 | 15,000 |
| 63 | തെയ്യോൻ, പുളിഞ്ഞോളിത്താഴെ | 28 | 15,000 |
| 64 | ശിവരാമൻ, വട്ടക്കുന്നത്ത് | 25 | 15,000 |
| 65 | ബാലകൃഷ്ണൻ പി.ടി. പൂതകുറ്റിക്കുനി | 16 | 15,000 |
| 66 | ശിവദാസൻ, എരഞ്ഞമ്പലത്ത്താഴെ കുനി | 17 | 15,000 |
| 67 | തങ്കമ്മ, കുന്നത്തൊടി | 8 | 15,000 |
| 68 | ജാനകി, തെക്കേകൊടുന്താറ്റിൽ | 29 | 15,000 |
| 69 | ചന്ദ്രൻ, രണ്ടാംകോട്ട് | 25 | 15,000 |
| 70 | പുഷ്പ, കന്മന മീത്തൽ | 5 | 15,000 |
| 71 | എ.ടി.ബാബു. കന്മന മീത്തൽ | 5 | 15,000 |
| 72 | ബാലൻ, കന്മന മീത്തൽ | 5 | 15,000 |
| 73 | ഹരിദാസൻ,കന്മന മീത്തൽ | 5 | 15,000 |
| 74 | ചന്ദ്രിക, കന്മന മീത്തൽ | 5 | 15,000 |
| 75 | ഗോപാലൻ, കന്മന മീത്തൽ | 5 | 15,000 |
| **ആകെ** | | | **11,10,000** |

Local Fund Audit Department

**3 - 7 വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് ഫർണിച്ചർ നൽകൽ (പ്രൊജക്ട് നം. 331/12) സി.ഡി.പി.ഒ. ഓഫീസിൽ നൽകിയ അലമാര സ്റ്റോക്കിൽ ഇല്ല-ചെലവുതുക നിരാകരിക്കുന്നു**

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

ചെലവ് : 20,98,404/- രൂപ (ബിൽ നം.50/31.03.2012)

വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് ഫർണിച്ചർ വാങ്ങി നൽകൽ എന്ന പ്രൊജക്ടിൽ പെടുത്തി കാഡ്കോയിൽ നിന്ന് ഇൻവോയ്സ് നം. 588/05.03.12, 589/05.03.2012,905/05.03.2012 എന്നിവ പ്രകാരം 20,98,404/- രൂപയുടെ ഫർണിച്ചർ വാങ്ങി നഗരസഭാ പരിധിയിലെ വിവിധ സ്കൂളുകൾ, അംഗൻവാടികൾ, കൃഷി ഓഫീസ്, സി.ഡി.പി.ഒ. ഓഫീസ് എന്നിവിടങ്ങളിൽ വിതരണം ചെയ്തു. ഓഡിറ്റിന്റെ ഭാഗമായി ഓഡിറ്റ് ടീം 29.07.2013 ന് ഏതാനും സ്ഥാപനങ്ങൾ സന്ദർശിച്ച് സാധനങ്ങളുടെ സ്റ്റോക്ക് വിവരം പരിശോധിച്ചു. സി.ഡി.പി.ഓ. വിന്റെ ഓഫീസിൽ ആകെ 3,99,375/- രൂപ വിലയുള്ള 42 അലമാരകൾ കൈപ്പറ്റിയതിനു കൈപ്പറ്റ് ഫയലിലുണ്ടെങ്കിലും ഈ ഫർണിച്ചർ സി.ഡി.പി.ഓ. വിന്റെ ഓഫീസിൽ സ്റ്റോക്കിലെടുത്തതിന്റെയോ ഏതെങ്കിലും അംഗൻവാടികളിൽ നൽകിയതിന്റെയോ വിവരമില്ല. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (ഓഡിറ്റ് എൻക്വയറി നം. 27/30.07.2013) ഇവ സ്റ്റോക്കിലെടുത്തു വിനിയോഗത്തിനു വിട്ടുകൊടുത്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. തുടർന്ന് 21.10.2013 - ൽ സെക്രട്ടറി നൽകിയ കത്തിനോടൊപ്പം ഒരു സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കി വിവിധ സെന്ററുകളിലെ അംഗൻവാടി വർക്കർമാർ കൈപ്പറ്റിയതായി ഇതിൽ ഒപ്പുവെച്ചിട്ടുണ്ടെങ്കിലും ഈ രജിസ്റ്റർ ഉത്തരവാദപ്പെട്ട ഏതെങ്കിലും ഉദ്യോഗസ്ഥർ ഒപ്പുവെച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്താത്ത ഈ രജിസ്റ്ററിലെ വിവരങ്ങൾ പരിഗണിക്കുക സാധ്യമല്ല. ആയതിനാൽ ഇക്കാര്യത്തിൽ ആവശ്യമായ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. 3,99,375/- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

Local Fund Audit Department

**3 - 8 ചെയർപേഴ്സന്റെ ഓഫീസിലേക്ക് രണ്ടു പ്രാവശ്യം ഫർണിച്ചർ വാങ്ങി - ആദ്യം വാങ്ങിയ ഫർണിച്ചറിന്റെ സ്റ്റോക്ക് വിവരമില്ല.**

ചെയർപേഴ്സന്റെ ഓഫീസിലേക്ക് രണ്ടു തവണയായി ഹഡ്കോയിൽ നിന്ന് വാങ്ങിയ ഫർണിച്ചറുകളുടെ വിവരം താഴെ കൊടുക്കുന്നു.

| **ഇൻവോയ്സ് നം. 551/13.06.2011** | | |
|---|---|---|
| 1. | തേക്ക് വുഡ് ടേബിൾ - 1 | 33,297 |
| 2. | ചെയർ (ഹൈബേക്ക്) - 1 | 8,196 |
| 3. | തേക്ക് വുഡ് എക്സിക്യൂട്ടീവ് ചെയർ - 1 | 17,731 |
| 4. | സ്റ്റീൽ ടേബിൾ - 1 | 5,983 |
| 5. | ചെയർ 202 പി - 6 | 19,401 |
| 6. | സ്റ്റീൽ അലമാര - 6 | 47,479 |
| 7. | സ്റ്റീൽ റാക്ക് - 10 | 36,986 |
| **ആകെ** | | **2,30,000** |

(വൗച്ചർ നം. 297/13.07.2011)

| ഇൻവോയ്സ് നം. 590/05.02.12 | | |
|---|---|---|
| 1. | എൽ. ടൈപ്പ് മേശ - 1 | 54,060 |
| 2. | എക്സിക്യൂട്ടീവ് ചെയർ - 1 | 8,222 |
| 3. | വിസിറ്റേഴ്സ് ചെയർ - 10 | 56,313 |
| 4. | കടത്തു കൂലി | 18,000 |
| **ആകെ** | | **1,36,595** |

(ബിൽ നം. 45/31.03.2012)

സമാന സ്വഭാവമുള്ള ഫർണിച്ചറാണ് മുകളിൽ പരാമർശിച്ച പ്രകാരം ചെയർമാന്റെ ചേമ്പറിലേക്ക് വാങ്ങിയത്. ഇതിൽ 13.06.2011 ന് വാങ്ങിയ ഫർണിച്ചർ സ്റ്റോക്കിലെടുത്തതു സംബന്ധിച്ച വിവരം ശ്രദ്ധയിൽപ്പെടുത്തിയതിനാൽ 26.10.2013 ന് ഒരു സ്റ്റോക്ക് രജിസ്റ്ററിൽ 2,30,000/- രൂപയുടെ ഫർണിച്ചർ സ്റ്റോക്ക് രേഖപ്പെടുത്തിയത് പരിശോധിക്കുകയുണ്ടായി. 28.11.2009 ന് ശേഷം ഉപയോഗിക്കാതിരുന്ന സ്റ്റോക്ക് രജിസ്റ്ററിലാണ് ഈ ഫർണിച്ചറിന്റെ വിവരം രേഖപ്പെടുത്തിയിട്ടുള്ളത്. 30.12.2011 ന് മാത്രം നഗരസഭയിൽ ചാർജ്ജെടുത്ത സെക്രട്ടറി ശ്രീ. സുരേന്ദ്രൻ 13.06.2011 ന് വാങ്ങിയ സാധനങ്ങളുടെ സ്റ്റോക്ക് ബോധ്യപ്പെട്ടതായി 22.10.2013 ന് സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഇപ്രകാരം വാങ്ങിയ സാധനങ്ങൾ എന്താവശ്യത്തിന് നൽകിയെന്ന് രേഖപ്പെടുത്തിയിട്ടില്ല. ഇപ്രകാരം വാങ്ങിയ ഫർണിച്ചർ ചെയർമാന്റെ ചേമ്പറിലെ ഉപയോഗത്തിനു നൽകിയിട്ടുണ്ടെങ്കിൽ വീണ്ടും 05.03.2012 ന് ഇതേ ആവശ്യത്തിന് വാങ്ങിയതിന്റെ ആവശ്യകത വിശദീകരിച്ചിട്ടുമില്ല. ഈ സാഹചര്യത്തിൽ 13.06.2011 - ലെ ഇൻവോയ്സ് പ്രകാരം ഫർണിച്ചർ വാങ്ങുന്നതിന് 2,30,000/- രൂപ ചെലവഴിച്ചത് അംഗീകരിക്കുന്നില്ല. ഈ തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി നഗരസഭാ ഫണ്ടിൽ അടവാക്കേണ്ടതാണ്.

Local Fund Audit Department

**3 - 9 മാറാരോഗികളുടെ പരിചരണം - നഗരസഭാതലത്തിൽ ഹോം കെയർ സംവിധാനം ഏർപ്പെടുത്താതെ സ്വകാര്യ പാലിയേറ്റീവ് കെയർ സൊസൈറ്റിക്ക് തുക നൽകി - കെ.എം.എസ്.സി.എൽ. - ൽ തുക അടവാക്കി - മരുന്നു ലഭിച്ചില്ല.**

| | | |
|---|---|---|
| പ്രൊജക്ട് നമ്പർ | : | 64/2012 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | ആശുപത്രി സൂപ്രണ്ട് (താലൂക്ക് ആശുപത്രി, കൊയിലാണ്ടി) |
| അടങ്കൽ | : | 2 ലക്ഷം രൂപ (ധനകാര്യ കമ്മിഷൻ അവാർഡ്) |
| ചെലവ് | : | 1,94,824/- രൂപ |

മാറാരോഗികൾക്ക് പരിചരണം ലഭ്യമാക്കുവാൻ ആവിഷ്ക്കരിച്ച പ്രൊജക്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പാലിയേറ്റീവ് പരിചരണം സംബന്ധിച്ച് സർക്കാർ നിർദ്ദേശിച്ച മാർഗ്ഗരേഖ (സർക്കുലർ നം. 66373/സി.എ.1/2009/ത.സ്വ.ഭ.വ. തീയതി 02.11.2009) പ്രകാരമുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്താതിരുന്നതിനാൽ ലക്ഷ്യം പ്രാപിച്ചില്ല.

സർക്കാർ പുറപ്പെടുവിച്ച സർക്കുലർ പ്രകാരം ഈ മേഖലയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ ആരോഗ്യ രംഗത്തു പ്രവർത്തിക്കുന്നവരും പ്രവർത്തിക്കുവാൻ താൽപര്യമുള്ളവരുമായ സർക്കാർ/സന്നദ്ധ പ്രവർത്തകരുടെ യോഗം വിളിച്ചു ചേർക്കേണ്ടതും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ആഭിമുഖ്യത്തിൽ ഹോംകെയർ സംവിധാനത്തിനായി ഒരു ടീമിനെ തിരഞ്ഞെടുക്കേണ്ടതും ടീമംഗങ്ങൾക്ക് പരിശീലനം നൽകേണ്ടതുമാണ്. ഇതിനെത്തുടർന്ന് ഈ സംവിധാനത്തിന്റെ നടത്തിപ്പിനുവേണ്ടി നഗരസഭാ ചെയർപേഴ്സന്റെ (നഗരസഭകളിൽ) നേതൃത്വത്തിൽ ഒരു പ്രൊജക്ട് മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കേണ്ടതുമാണ്. അടുത്ത ഘട്ടമെന്ന നിലയിൽ ദീർഘകാല രോഗങ്ങളാൽ ക്ലേശമനുഭവിക്കുന്ന രോഗികളെ കണ്ടെത്തുകയും ഭവന സന്ദർശനം നടത്തി പരിചരണ റിപ്പോർട്ടിൽ വിവരങ്ങൾ ശേഖരിക്കുകയും ചെയ്യേണ്ടതാണ്. വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ഒരു അവസ്ഥാ വിശകലനയോഗം സംഘടിപ്പിച്ച് നൽകുവാൻ കഴിയുന്ന സേവനങ്ങൾ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ആവിഷ്ക്കരിച്ച് രോഗികളുടെ ലിസ്റ്റ് പ്രൊജക്ട് മാനേജ്മെന്റ് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുമുണ്ട്.

മേൽ സൂചിപ്പിച്ച പ്രകാരമുള്ള മുന്നൊരുക്കങ്ങൾ നടത്തിയതിനുശേഷം ഹോംകെയർ ടീം രോഗികളുടെ വീട് സന്ദർശിച്ച് ശുസ്രൂഷ നൽകുവാനാണ് സർക്കാർ നിർദ്ദേശം. ഈ പ്രവർത്തനങ്ങളുടെ മോണിറ്ററിംഗിനായി പ്രൊജക്ട് മാനേജ്മെന്റ് കമ്മിറ്റി ഓരോ മാസവും അവലോകന യോഗങ്ങൾ നടത്തേണ്ടതുമുണ്ട്. ഈ സർക്കുലറിലെ നിർദ്ദേശമനുസരിച്ച് ചാരിറ്റബിൾ സൊസൈറ്റീസ് നിയമപ്രകാരം രജിസ്ടർ ചെയ്ത് തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പരിധിയിൽ പ്രവർത്തിച്ചുവരുന്ന പാലിയേറ്റിവ് കെയർ യുണിറ്റുകളുടെ പ്രവർത്തനം തൃപ്തികരമാണെന്ന് പ്രൊജക്ട് മാനേജ്മെന്റ് കമ്മിറ്റി ശുപാർശ ചെയ്യുന്ന പക്ഷം ഇത്തരം യൂണിറ്റുകൾക്ക് സർക്കാർ നിർദ്ദേശിച്ച മുരുന്നുകൾ ആരോഗ്യകേന്ദ്രം മുഖേന ലഭ്യമാക്കാവുന്നതാണ്. എന്നാൽ മരുന്നുകൾ ലഭ്യമാക്കുന്നത് ഒഴികെ ഇത്തരം യൂണിറ്റുകൾക്ക് തദ്ദേശ ഭരണ സ്ഥാപനങ്ങൾ മറ്റു സഹായങ്ങൾ ലഭ്യമാക്കുവാൻ പാടില്ല.

Local Fund Audit Department

എന്നാൽ സർക്കാർ നിർദ്ദേശപ്രകാരമുള്ള സംവിധാനങ്ങൾ മാറാരോഗികളുടെ പരിചരണ ത്തിനായി നഗരസഭാ തലത്തിൽ ഏർപ്പെടുത്തിയതിന്റെ വിവരമില്ല. ആസ്പത്രി സൂപ്രണ്ട് നടപ്പിലാക്കിയ പ്രൊജക്ടിൽ 1,94,824/- ചെലവഴിച്ചതിൽ 1,26,444/- രൂപ (ബിൽ നം.7/30.03.2012) കൊയിലാണ്ടി പാലിയേറ്റീവ് കെയർ സൊസൈറ്റിയുടെ സെക്രട്ടറിക്കു നൽകിയതാണ്. ഇതു കൂടാതെ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മെഡിക്കൽ സ്റ്റോറിൽ നിന്ന് വാങ്ങിയ 30,887/- രൂപയുടെ മരുന്നും 28.03.2012 ന് സൊസൈറ്റിക്കു നൽകി.

കൊയിലാണ്ടി പാലിയേറ്റീവ് കെയർ സൊസൈറ്റി സെക്രട്ടറി നൽകിയ ലിസ്റ്റു പ്രകാരമുള്ള മരുന്നുകളുടെ വിലയിനത്തിൽ 37,493/- രൂപ കെ.എം.എസ്.സി.എൽ - ന് 28.03.2012 ന് നലകി. (ബിൽ നം.5/28.03.2012) എന്നാൽ നാളിതുവരെ മരുന്നുകൾ ലഭിച്ചിട്ടില്ല.

രജിസ്റ്റർ ചെയ്ത ഹോംകെയർ യൂണിറ്റുകൾക്ക് അത്യാവശ്യ മരുന്നുകൾ മാത്രമേ (സർക്കാർ നിർദ്ദേകപ്രകാരമുള്ളവ) നൽകുവാൻ പാടുള്ളൂ എന്ന് നിർദ്ദേശമുണ്ടെങ്കിലും, സൊസൈറ്റി നൽകിയ കണക്കുപ്രകാരം ഡോക്ടർമാർ, നേഴ്സുമാർ എന്നിവർക്കുള്ള വേതനം, വാഹന വാടക എന്നീയിനങ്ങളിൽ തുക നൽകിയിയിട്ടുണ്ട്. സാമ്പത്തിക വർഷാവസാനം മാത്രം തുക ചെലവ ഴിക്കുകയും കെ.എം.എസ്.സി.എൽ. എന്ന സ്ഥാപനത്തിൽ തുക അടവാക്കുകയും ചെയ്തെങ്കിലും നാളിതുവരെ മരുന്നു ലഭ്യമാക്കുവാൻ നടപടിയെടുത്തിട്ടില്ല.

പാലിയേറ്റീവ് കെയർ സംവിധാനത്തിന് ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്താതിരുന്നത് നഗരസഭയുടെ ഭാഗത്തു നിന്നുള്ള ഗുരുതരമായ കൃത്യവിലോപമാണ്. മാറാരോഗികളും നിരന്തര ശുശ്രൂഷയും ആവശ്യമുള്ള രോഗികളെ കണ്ടെത്തുവാനും ആവശയമായ ശുശ്രൂഷാ സൗകര്യങ്ങൾ ഏർപ്പെടുത്തുവാനും നടപടിയെടുക്കാതെ പ്രൊജക്ട് ആവിഷ്ക്കരിച്ച് പുറത്തുള്ള സൊസൈറ്റിക്ക് പണം കൈമാറിയ നടപടി ശരിയല്ല. ഭരണസമിതി യഥാസമയം നടപടി സ്വീകരിക്കാതിരുന്നതു മൂലമാണ് ഇപ്രകാരം അനർഹമായ ഇനങ്ങൾക്കായി തുക ചെലവഴിക്കേണ്ടിവന്നത്. ഈ അപാകതയ്ക്ക് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. 1,26,444/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

കെ.എം.എസ്.സി.എൽ. - ൽ 37,493/- രൂപ നൽകിയെങ്കിലും മരുന്നു ലഭിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിലുള്ള 37,493/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. മരുന്നു ലഭിക്കാൻ നടപടിയെടുക്കേണ്ടതാണ്.

Local Fund Audit Department

## 3 - 10 സ്ഥലം മാറി വന്ന ജീവനക്കാരുടെ ആദ്യ ശമ്പളം - അധിക തുക നൽകി

കൊയിലാണ്ടി നഗരസഭയിലേക്ക് മറ്റു നഗരസഭകളിൽ നിന്ന് സ്ഥലം മാറിവന്ന ജീവനക്കാരുടെ ആദ്യത്തെ ശമ്പളം നൽകിയപ്പോൾ അർഹമായതിലധികം തുക നൽകിയതായി കാണുന്നു. നൽകിയ തുകകളുടെ കൃത്യത ഉറപ്പു വരുത്തുവാൻ എൽ.പി.സി. ശമ്പളബില്ലുക ളോടൊപ്പം വച്ചിട്ടില്ല. അധികമായി നൽകിയ തുകയുടെ വിവരം താഴെ കൊടുക്കുന്നു.

1. ശ്രീ. വി.പി. ഉണ്ണികൃഷ്ണൻ, റവന്യൂ ഇൻസ്പെക്ടർ

ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയിൽ നിന്ന് 23.05.2011 ന് കൊയിലാണ്ടിയിൽ ജോലിക്കു ചേർന്നു. 21.05.11, 22.05.11 ട്രാൻസിറ്റ് കാലയളവ്. അടിസ്ഥാന ശമ്പളം 18,300/- രൂപ

| | |
|---|---|
| നൽകിയ ശമ്പളം (വൗച്ചർ നം.188/15.06.11) | 6710+1610+165+54 = 8,539 |
| നൽകേണ്ട ശമ്പളം | 6494+1559+195+64 = 8,312 |
| അധികം നൽകിയത് | 227/- |

2. ശ്രീ. വിശ്വനാഥൻ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ

26.05.2011 ന് ജോലിയിൽ പ്രവേശിച്ചു. എൽ.പി.സി. ഇല്ല. ട്രാൻസിറ്റ് കാലയളവ് രേഖപ്പെടുത്തിയിട്ടില്ല. അടിസ്ഥാന ശമ്പളം 16,580/- രൂപ

| | |
|---|---|
| നൽകിയ ശമ്പളം (വൗച്ചർ നം.225/28.06.2011) (26.05.2011 - 31.05.2011 | 6953+1669+106+68+21 = 8,817 |
| നൽകേണ്ട ശമ്പളം | 3,209+770+106 = 4,085 |
| അധികം നൽകിയത് | 4,732/- |

3. ശ്രീ.എ. രാജൻ, സൂപ്രണ്ട്.

27.05.2011 ന് ജോലിയിൽ പ്രവേശിച്ചു. ട്രാൻസിറ്റ് കാലയളവ് രേഖപ്പെടുത്തിയിട്ടില്ല. അടിസ്ഥാന ശമ്പളം 19,740/- രൂപ

| | |
|---|---|
| 27.05.11 മുതൽ 31.05.2011 വരെ നൽകിയ ശമ്പളം (വൗച്ചർ നം237/01.07.2011) 11) | 8,278+ 1987+89 = 10444 |
| നൽകേണ്ട ശമ്പളം | 3184+764+89 = 4,037 |
| അധികം നൽകിയത് | 6,407/- |

മുകളിൽ പരാമർശിച്ച പ്രകാരം ശമ്പളമിനത്തിൽ അധികം നൽകിയ 11,366/- രൂപ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കേണ്ടതാണ്.

Local Fund Audit Department

## 3 - 11 നഷ്ടപ്പെടുന്ന ആസ്തികൾ - പ്രയോജനപ്പെടുത്തുകയോ കൈയ്യൊഴിയുകയോ ചെയ്യുന്നില്ല.

2011 - 12 വർഷ ഓഡിറ്റിന്റെ ഭാഗമായി ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ നഗരസഭയിൽ പലയിടങ്ങളിലായി വിലപിടിപ്പുള്ള ആസ്തികൾ പ്രവർത്തിപ്പിക്കാതെയോ പ്രയോജന പ്പെടുത്താതെയോ സൂക്ഷിച്ചിരിക്കുന്നതു ശ്രദ്ധയിൽപ്പെട്ടു. വിശദവിവരം താഴെ കൊടുന്നു.

1. വരകുന്ന് മാലിന്യ സംസ്ക്കരണകേന്ദ്രത്തിലെ യന്ത്രസാമഗ്രികൾ

നിലവിൽ പ്രവർത്തനമില്ലാത്ത മാലിന്യ സംസ്കരണ കേന്ദ്രത്തിൽ ജൈവ/അജൈവ മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിനായി സ്ഥാപിച്ച മോട്ടോറുകളും അനുബന്ധ യന്ത്രസാമഗ്രികളും തുരുമ്പെടുത്ത് നാശാവസ്ഥയിലായിരിക്കുന്നു.

2. തൊഴിൽ പരിശീലന കേന്ദ്രത്തിലെ തയ്യൽ മെഷീനുകളും ഫർണിച്ചറും

മാലിന്യ സംസ്കരണ കേന്ദ്രത്തിനു സമീപമുള്ള തൊഴിൽ പരിശീലന കേന്ദ്രത്തിൽ നിരവധി തയ്യൽ മെഷീനുകളും മര ഫർണിച്ചറും പ്രയോജനപ്പെടുത്താതെ അട്ടിയിട്ടു വച്ചിരിക്കുന്നു. നിലവിൽ ഈ കേന്ദ്രം പ്രവർത്തിക്കുന്നില്ല.

3. നഗരസഭാ ഓഫിസിനു സമീപമുള്ള ജനറേറ്റർ

വർഷങ്ങൾക്കു മുമ്പ് വാങ്ങിയിട്ട് ഇതുവരെയും പ്രവർത്തിപ്പിക്കാതെ വച്ചിരിക്കുന്ന ജനറേറ്റർ തുരുമ്പെടുത്ത് നശിക്കുന്ന അവസ്ഥയിലായിരിക്കുന്നു.

4. വിറ്റഴിക്കാത്ത പഴയ കാർ

ചെയർമാന്റെ പഴയ കാർ വളരെ നാളുകളായി ഓഫീസ് പരിസരത്ത് നിർത്തിയിട്ടിരിക്കുന്നു. ഇതു റിപ്പയർ ചെയ്തു പ്രയോജനപ്പെടുത്താനോ വിറ്റഴിക്കാനോ നടപടിയെടുക്കുന്നില്ല.

5. നഗരസഭാ ഓഫീസ് ആധുനികവൽക്കരണത്തിന്റെ ഭാഗമായി വാങ്ങിയ ആംപ്ലിഫയർ സിസ്റ്റം

പ്രൊജക്ട് നം. 330/2012 പ്രകാരം സി.ഡി.എസ്. ഹാളിൽ സ്ഥാപിക്കുന്നതിനായി കാഡ്കോവിന്റെ 593/05.03.2012 നമ്പർ ഇൻവോയ്സ് പ്രകാരം 84,076/- രൂപ ചെലവിൽ അഹൂജാ ആംപ്ലിഫയർ, 4 സ്പീക്കർ സിസ്റ്റം, 2 മൈക്ക് സ്റ്റാന്റുകൾ , 2 മൈക്ക്, ആക്സസറി വയറുകൾ എന്നിവ വാങ്ങിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം വാങ്ങിയ സാമഗ്രികൾ നാളിതുവരെ പാക്കറ്റ്

Local Fund Audit Department

തുറക്കുകപോലും ചെയ്യാതെ സി.ഡി.എസ്. ഹാളിൽ വച്ചിരിക്കുന്നു. അതേസമയം മുൻകാലങ്ങളിൽ വാങ്ങിയ 2 ആംപ്ലിഫയറുകളും സ്പീക്കർ, മറ്റു സാമഗ്രികളെല്ലാം ഈ ഹാളിൽ നിരത്തിയിട്ടിരിക്കുന്നു . പുതുതായി വാങ്ങിയ ഉപകരണങ്ങൾ ഉപയോഗിക്കാതെയും മുമ്പ് വാങ്ങിയവ വേണ്ടവിധിത്തിൽ സംരക്ഷിക്കാതെയും വച്ചിരിക്കുന്നു. ആവശ്യകത പരിഗണിക്കാതെ വീണ്ടും ഉപകരണങ്ങൾ വാങ്ങുകയും സുരക്ഷിതമായി സൂക്ഷിക്കാതെയിരിക്കുകയും ചെയ്യുന്നത് ശരിയായ നടപടിയല്ല.

നഗരസഭയുടെ ആസ്തികൾ നശിച്ചുപോകാതെ ഉപയോഗപ്പെടുത്തുകയോ വിറ്റ് കൈയ്യൊഴിക്കാനോ നടപടിയെടുക്കേണ്ടതാണ്.

## <u>3 - 12 യു.ഐ.ഡി.എസ്.എസ്.എം.റ്റി. പദ്ധതി ലക്ഷ്യം കൈവരിച്ചില്ല - കേന്ദ്രസഹായം നഷ്ടമാവുന്നു.</u>

Local Fund Audit Department

ഫയൽ നം. പി.ഡബ്ല്യു.2 - 12225/06

യു.ഐ.ഡി.എസ്.എസ്.എം.റ്റി. (Urban Infastructure Development Scheme for Small and Medium Towns ) പദ്ധതി പ്രകാരം കൊയിലാണ്ടി നഗരസഭ ഖരമാലിന്യ സംസ്കരണത്തിനായി 2,08,00,000/- രൂപയുടെ പ്രോജക്ട് 'ക്ലീൻ കേരള മിഷൻ' മുഖേന തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുണ്ട്. പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം പദ്ധതിച്ചെലവിന്റെ ആകെ തുക കേന്ദ്ര സംസ്ഥാന നർക്കാരു കളും നഗരസഭയും 80:10:10 എന്ന അനുപാതത്തിലാണ് വകയിരുത്തേണ്ടത്. ആയത് പ്രകാരം 04.06.2009 ന് കേന്ദ്ര സർക്കാർ വിഹിതമായി 28,50,918/- രൂപയും സംസ്ഥാന സർക്കാർ ധനസഹായമായി 3,56,365/- (17%) രൂപയും നഗരസഭ വകയിരുത്തിയ 10,40,000/- രൂപയും ഉൾപ്പെടെ ആകെ 42,47,283/- രൂപ ഇതിനായുള്ള പ്രത്യേക അക്കൗണ്ടിൽ (എസ്.ബി.ടി, കൊയിലാണ്ടി A/c നം.2439175) ക്രഡിറ്റ് ചെയ്തിട്ടുണ്ട്.

ഖരമാലിന്യ ശേഖരണത്തിനായി ട്രാക്ടർ, ട്രാക്ടറിന് ഫ്രണ്ട് എന്റ് ലോഡർ, 3 ബയോഗ്യാസ് പ്ലാന്റുകൾ, വെർമി കമ്പോസ്റ്റ്, ചുറ്റുമതിൽ, ഓട്ടോറിക്ഷ, ബോധവൽക്കരണം തുടങ്ങിയവയാണ് പദ്ധതി പ്രകാരം ചെയ്യാനുദ്ദേശിച്ച പ്രവർത്തനങ്ങൾ. എന്നാൽ 03.04.13 വരെ 28,53,189/- രൂപയാണ് പദ്ധതിയുടെ ആകെ ചെലവ്. ഇതിൽ ബസ്റ്റാന്റ്, ടൗൺഹാൾ, ഫിഷ്മാർക്കറ്റ് എന്നിവിടങ്ങളിലായി 3 ബയോഗ്യാസ് പ്ലാന്റുകൾക്ക് അഡ്വാൻസ് നൽകിയിട്ടുണ്ടെങ്കിലും ഒന്ന് മാത്രമാണ് പ്രവൃത്തി പൂർത്തികരിച്ചത്. മാലിന്യ ശേഖരണത്തിനായി ട്രാക്ടറും, ട്രാക്ടറിന് ഫ്രണ്ട് എന്റ് ലോഡറും വാങ്ങിയിട്ടുണ്ട്. ബോധവത്കരണ പ്രവർത്തനങ്ങൾക്കായി 2,40,238/- രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും ഉദ്ദേശ്യം കൈവരിച്ചതായി കാണുന്നില്ല. പദ്ധതി പൂർത്തികരിക്കേണ്ട കാലാവധി 31.03.2014 ആണ്.

അരിക്കുളം വില്ലേജിൽ റീസർവ്വേ നം. 9/2, 35-ൽ കൊയിലാണ്ടി താലൂക്കിൽ 6.432 ഏക്കർ സ്ഥലത്ത് വലിയമലയിൽ കേന്ദ്രികൃത മാലിന്യ സംസ്കരണ പ്ലാന്റും, പ്ലാന്റ് സ്ഥാപിക്കുന്നതിന് അനുബന്ധമായിട്ടുള്ള കാര്യങ്ങളും സർക്കാർ അംഗീകാരത്തോടെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് വാങ്ങിയ സ്ഥലത്താണ് പ്ലാന്റ് സ്ഥാപിക്കാൻ ഉദ്ദേശിച്ചത്. (സർക്കാരിന്റെ റിവൈസ്ഡ് അനുമതി ലഭിച്ചിട്ടില്ല).

എന്നാൽ പ്രോജക്ടിന്റെ പ്രധാന ഭാഗങ്ങളായ ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ നിർമ്മാണം, ചുറ്റുമതിൽ തുടങ്ങിയ പ്രവർത്തികൾ തദ്ദേശവാസികളുടെ എതിർപ്പിനെത്തുടർന്ന് ആരംഭിക്കാൻ സാധിക്കാത്തതായും റിവൈസ്ഡ് പ്രൊജക്ട് തയ്യാറാക്കി അംഗികാരത്തിന് നൽകിയതായും കാണുന്നു. കേന്ദ്രീകൃത മാലിന്യസംസ്കരണം പ്രായോഗികമല്ലാത്തതിനാൽ ഉറവിട മാലിന്യ സംസ്കരണത്തിന് ഊന്നൽ നലകുന്നന്നതരത്തിലാണ് പുതിയ പ്രൊജക്ട് തയ്യാറാക്കുന്നത്.

പദ്ധതിയുടെ മാർഗ്ഗരേഖ 7(3) അനുസരിച്ച് സംസ്ഥാനത്തുനിന്നുള്ള ഷെയർ ലഭ്യമാവുന്നതിനനുസരിച്ച് 50% ഷെയർ അഡ്വാൻസായും പ്രസ്തുത തുകയുടെ 70% ചെലവഴിച്ചതായുള്ള വിനിയോഗ സർട്ടിഫിക്കറ്റ് നൽകുമ്പോൾ ശേഷിക്കുന്ന 50% ഷെയർ കൂടി ലഭിക്കുന്നതാണ്.

പദ്ധതിയുടെ കാലാവധി മാർച്ച് 2014 ആയതിനാൽ റിവൈസ്ഡ് പ്രൊജക്ട് സർക്കാരിൽ നിന്നും അംഗീകരിച്ച് കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും പദ്ധതി അടിയന്തിരമായി പൂർത്തീകരിച്ച് ഫണ്ട് നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്. കേന്ദ്ര സർക്കാരിന്റെ 05.04.2011 - ലെ കെ - 14011/12/08 യു.ഡി.ഐ. നമ്പറായുള്ള ഓഫീസ് മെമ്മോറാണ്ടം അനുസരിച്ച് തുക ചെലവഴിച്ചില്ലെങ്കിൽ ലഭിച്ച തുക തിരിച്ചടക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. (നഗരസഭയുടെ നോട്ട്ഫയൽ പ്രകാരം പദ്ധതി നടപ്പിലാക്കിയില്ലെങ്കിൽ 12% പലിശ സഹിതം തിരിച്ചടക്കേണ്ടി വരുമെന്ന് കെ.എസ്.യു.ഡി.പി. ഡയറക്ടർ അറിയിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്).

പദ്ധതി പൂർത്തിയാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്. ഇക്കാര്യത്തിൽ നഗരസഭാ കൗൺസിലിന്റെിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

Local Fund Audit Department

## 3 - 13 ബയോഗ്യാസ് പ്ലാന്റുകൾക്ക് മുൻകൂർ നലകി - പൂർത്തീകരിച്ചിട്ടില്ല.

ഫയൽ നം. പി.ഡബ്ല്യു.2 - 12225/06

| തുക | ചെക്ക് നം. | |
|---|---|---|
| 4,39,717 | 19323/26.07.2011 | യു.ഐ.ഡി.എസ്.എസ്.എം.റ്റി ഫണ്ട് |
| 2,84,876 | 069605/23.11.2011 | |
| 3,25,500 | 019328/15.02.2012 | |
| **ആകെ 10,50,093** | | |

യു.ഐ.ഡി.എസ്.എസ്.എം.റ്റി. സ്കീമിൽ മാലിന്യസംസ്കരണത്തിനായി ബസ് സ്റ്റാന്റ് പരിസരം, ഫിഷ്മാർക്കറ്റ്, ടൗൺഹാൾ പരിസരം എന്നിവിടങ്ങളിൽ യഥാക്രമം 68എം$^3$, 41എം$^3$, 137എം$^3$ എന്നീ അളവുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതാണ് പദ്ധതി. ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണം ഐ.ആർ.റ്റി.സി., പാലക്കാട് എന്ന അക്രഡിറ്റഡ് സ്ഥാപനത്തെ ഏൽപ്പിക്കുകയും പ്ലാന്റുകളുടെ എസ്റ്റിമേറ്റ് തുകയ്ക്ക്, ശുചിത്വമിഷന്റെ 03.03.2011 - ലെ എം. ഡി. 2/201/08 നമ്പർ കത്ത് അനുസരിച്ച് താഴെ പറയും പ്രകാരം സാങ്കേതികാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| ബസ്സ്റ്റാന്റ് | 6,25,000 (500 Kg 68 എം$^3$ ) |
| ഫിഷ്മാർക്കറ്റ് | 5,00,000 (300 Kg Capacity 41 എം$^3$ ) |
| ടൗൺഹാൾ | 11,25,000 (1000 Kg Capacity 137എം$^3$ ) |

മൂന്ന് പ്ലാന്റുകളുടെ നിർമ്മാണത്തിനായി 10,50,093/-രൂപ നൽകിയിട്ടുണ്ടെങ്കിലും ബസ്സ്റ്റാന്റ് പരിസരത്തുള്ള ഒരു പ്ലാന്റ് മാത്രമാണ് പൂർത്തിയാക്കിയത്. മറ്റ് പ്ലാന്റുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. പദ്ധതി നടപ്പാക്കിയതിലെ മറ്റ് അപാകതകൾ താഴെ കൊടുക്കുന്നു.

1. ഐ.ആർ.റ്റി.സി.യ്ക്ക് നൽകിയ 10,50,093/- രൂപ അഡ്വാൻസ് തുകയിൽ 7,41,710/- രൂപ (2,84,876 + 3,25,500 + 1,31,334) ബസ്സ്റ്റാന്റ് പരിസരത്തുള്ള ബയോഗ്യാസ് പ്ലാന്റിന്റേ താണ്. എന്നാൽ പ്രസ്തുത പ്ലാന്റിന് ശുചിത്വ മിഷൻ നൽകിയ സാങ്കേതികാനുമതി 6,25,000/- രൂപയാണ്. അതായത് അധികമായി 1,27,814/- രൂപ സ്ഥാപനത്തിന് നലകിയി ട്ടുണ്ട്. ശുചിത്വ മിഷനിൽ നിന്നും പുതുക്കിയ സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.
2. മറ്റ് രണ്ട് പ്ലാന്റുകൾക്കും അഡ്വാൻസ് നൽകിയിട്ടുണ്ടെങ്കിലും (ഫിഷ്മാർക്കറ്റ് - 1,06,523/-, ടൗൺഹാൾ - 2,01,860/-) നാളിതുവരെയായി പ്ലാന്റുകളുടെ നിർമ്മാണം ആരംഭിച്ചിട്ടില്ല. ഐ.ആർ.റ്റി.സി.യുമായി ഉണ്ടാക്കിയ കരാറുടമ്പടി വ്യവസ്ഥ (9, 10, 11/11 - 12 തീയതി 23.07.11 എഗ്രിമെന്റ്) 4 പ്രകാരം സൈറ്റ് കൈമാറി 4 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതാണെന്ന് പറയുന്നുണ്ടെങ്കിലും നാളിതുവരെ പ്രവൃത്തി പൂർത്തീകരി ക്കാത്ത സ്ഥാപനത്തിനെതിരെ നഗരസഭ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.
3. ശുചിത്വമിഷന്റെ 03.03.11 - ലെ എസ്.എം.ഡി.2/201/08 നമ്പർ കത്ത്, ഖണ്ഡിക 4 അനുസ രിച്ച് പ്ലാന്റിന്റെ അളവുകൾ നിർമ്മാണവേളയിൽത്തന്നെ സമർപ്പിച്ചിട്ടുള്ള ഡിസൈൻ

Local Fund Audit Department

പ്രകാരമാണോ എന്നും നിർമ്മിക്കുന്ന വ്യാപ്തം കൃത്യമാണോ എന്നും എഞ്ചിനിയറിംഗ് വിഭാഗം പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണെന്നും നിർമ്മാണത്തിനായി കുഴി എടുക്കുന്നതിന്റെയും ഡയജസ്റ്റിന്റെയും ബാലൻസിംഗ് ടാങ്ക്, സോക്പിറ്റ് എന്നിവയുടെയും വ്യാപ്തം കൃത്യമാണോ എന്നും എഞ്ചിനിയറിംഗ് വിഭാഗം പരിശോധിക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ പൂർത്തിയാക്കിയ പ്ലാന്റിന്റെ നിർമ്മാണത്തിന്റെ ഒരു ഘട്ടത്തിലും എഞ്ചിനിയറിംഗ് വിഭാഗം മോണിറ്ററിംഗ് ചെയ്തിട്ടില്ല.

4. ബസ്സ്റ്റാന്റ് പരിസരത്തുള്ള പ്ലാന്റിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും 'ബയോഗ്യാസ്' ഉപയോഗപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും പ്രവൃത്തി പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

Local Fund Audit Department

## <u>3 - 14 ഒരു ലക്ഷം ഭവനപദ്ധതി - കെ.യു.ആർ.ഡി.എഫ്.സി/എച്ച്.ഡി.എഫ്.സി വായ്പ ഗുണഭോക്താക്കൾ തിരിച്ചടച്ച വായ്പാ തുക ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നു.</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെമ്പർ സെക്രട്ടറി, സി.ഡി.എസ്.

നഗരസഭയിൽ 1998 - 99 വർഷം ആരംഭിച്ച ഒരു ലക്ഷം ഭവന പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് 27,500/- രൂപ വീതം ( മുനിസിപ്പൽ ഫണ്ട് 7,500/- രൂപ, എൻ.എസ്.ഡി.പി. ഫണ്ട് 5,000/- രൂപ, വായ്പ 15,000/- രൂപ) 360 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി കെ.യു.ആർ.ഡി.എഫ്.സി. യിൽ നിന്നും 24 ലക്ഷം രൂപയും (160 X 15,000 രൂ) എച്ച്.ഡി.എഫ്.സി. യിൽ നിന്ന് 30.ലക്ഷം രൂപയും (200 X 15,000) വായ്പയെടുത്തു. 11.25% പലിശ നിരക്കിൽ 120 മാസം കൊണ്ട് വായ്പ തിരിച്ചടയ്ക്കാനാണ് സ്ഥാപനങ്ങളുമായി സി.ഡി.എസ്. മെമ്പർ സെക്രട്ടറി ഏർപ്പെട്ട കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. കുടിശ്ശിക വരുത്തുന്നപക്ഷം പിഴപ്പലിശ അടയ്ക്കേണ്ടിവരുമെന്നും കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കൾ തിരിച്ചടയ്ക്കുന്ന വായ്പാ തുക സിൻഡിക്കേറ്റ് ബാങ്കിലും കാനറാ ബാങ്കിലും ഇതിനായി ആരംഭിച്ച അക്കൗണ്ടുകളിൽ നിക്ഷേപിക്കുകയും യഥാക്രമം എച്ച്.ഡി.എഫ്.സി., കെ.യു.ആർ.ഡി.എഫ്.സി. എന്നീ സ്ഥാപനങ്ങളുടെ പേരിൽ ചെക്ക് നൽകുകയുമാണ് ചെയ്യുന്നത്.

ഗുണഭോക്താക്കൾ യഥാസമയം വായ്പ തിരിച്ചടവാക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ ലോൺ തിരിച്ചടവിൽ വൻ കുടിശ്ശിക വരികയും ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന് കെ.യു.ആർ.ഡി.എഫ്.സി. യുടെ വായ്പയിൽ മുതൽ (Principal amount) മാത്രം

വികസന ഫണ്ടുപയോഗിച്ച് തിരിച്ചടവാക്കുന്നതിന് സർക്കാർ ഉത്തരവ് (സാധാ) നം. 378/12 ത.സ്വ.ഭ.വ. തീയതി 07.12.2012 പ്രകാരം അനുമതി ലഭിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ 2012 - 13 - ൽ പ്രൊജക്റ്റ് നം. 66/13 പ്രകാരം 13 - ാം ധനകാര്യ കമ്മീഷൻ ഗ്രാന്റു പയോഗിച്ച് 5,00,000/- രൂപ കെ.യു.ആർ.ഡി.എഫ്.സി. ക്കും 5,00,000/- രൂപ എച്ച്.ഡി.എഫ്.സി. ക്കും തിരിച്ചടവാക്കിയിട്ടുണ്ട്. വായ്പാ തിരിച്ചടവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. <u>ഗുണഭോക്താക്കൾ തിരിച്ചടച്ച വായ്പാ തുക കെ.യു.ആർ.ഡി.എഫ്.സി. യിൽ അടവാക്കാതെ കനറാ ബാങ്കിലെ അക്കൗണ്ടിൽ സൂക്ഷിക്കുന്നു.</u>

കെ.യു.ആർ.ഡി.എഫ്.സി. യിൽ അടവാക്കാനായി ഗുണഭോക്താക്കൾ തിരിച്ചടച്ച വായ്പാ തുക (മുതലും പലിശയും), പ്രസ്തുത വായ്പ അക്കൗണ്ടിലടയ്ക്കാതെ 3 വർഷമായി കാനറാ ബാങ്കിലെ 32599 -ാം നമ്പർ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. പ്രസ്തുത അക്കൗണ്ടിന്റെ സ്റ്റേറ്റ്മെന്റ് പ്രകാരം 31.03.2012 ന് 1,47,444/- രൂപ നിക്കിയിരിപ്പുണ്ട്. 2012 - 13 - ലെ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കെ.യു.ആർ.ഡി.എഫ്.സി. 05.04.2013 ന് സമർപ്പിച്ച സ്റ്റേറ്റ്മെന്റ് പ്രകാരം 31.03.13 വരെ 10,95,300/- രൂപ കിടിശ്ശികയുണ്ട്. (പിഴപ്പലിശ ഉൾപ്പെടെ). ഗുണഭോക്താക്കൾ തിരിച്ചടച്ച തുക യഥാസമയം കെ.യു.ആർ.ഡി.എഫ്.സി. യിൽ അടവാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 31.07.13 - ലെ 39 - ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മെമ്പർ സെക്രട്ടറി നൽകിയ മറുപടിയിൽ ദാരിദ്ര്യ നിർമ്മാർജ്ജന ഫണ്ടുപയോഗിച്ച് വായ്പാ തുക തിരിച്ചടക്കുന്നതിന് സർക്കാർ ഉത്തരവുള്ളതുകൊണ്ടാണ് അക്കൗണ്ടിലുള്ള തുക തിരിച്ചടക്കാതിരുന്നതെന്ന് അറിയിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് യഥാസമയം വായ്പ തിരിച്ചടവാക്കാൻ സാധിക്കാത്തതലനാൽ വന്ന കുടിശ്ശിക തുകയാണ് വികസന ഫണ്ടുപയോഗിച്ച് തിരിച്ചടവാക്കാൻ അനുമതിയുള്ളത് എന്നതിനാൽ മെമ്പർ സെക്രട്ടറിയുടെ മറുപടി സ്വീകാര്യമല്ല. കാനറാ ബാങ്കിലെ അക്കൗണ്ടിലുള്ള തുക ഉപയോഗിച്ച് വായ്പ തിരിച്ചട യ്ക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2. <u>പ്രൊജക്ട് പ്രകാരം തിരിച്ചടച്ച തുക മുതലിൽ കുറവ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തിയിട്ടില്ല.</u>

പ്രൊജക്ട് നം. 166/13 പ്രകാരം 5 ലക്ഷം രൂപ (ചെക്ക് നം. 020789/21.05.13) കെ.യു.ആർ.ഡി.എഫ്.സി. യിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ തിരിച്ചടച്ച തുക വായ്പയുടെ മുതലിൽ കുറവു ചെയ്തിട്ടുണ്ടെന്ന് ഉറപ്പു വരുത്തിയിട്ടില്ല. 5,00,000/- രൂപ മുതലിൽ കുറവു ചെയ്തതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

Local Fund Audit Department

3. <u>സർക്കാർ അനുമതിയില്ലാതെ എച്ച.ഡി.എഫ്.സി. യിൽ നിന്നുള്ള വായ്പ വികസനഫണ്ടുപയോഗിച്ച് തിരിച്ചടച്ചു.</u>

വായ്പാ തുക തിരിച്ചടയ്ക്കുന്നതിന് അനുമതി നൽകികൊണ്ടുള്ള സർക്കാർ ഉത്തരവിൽ കെ.യു.ആർ.ഡി.എഫ്.സി. വായ്പ എന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ഇതേ ഉത്തരവ് ചൂണ്ടിക്കാട്ടിയാണ് എച്ച്.ഡി.എഫ്.സി. വായ്പയും പ്രൊജക്ട് വെച്ച് തിരിച്ചടച്ചിട്ടുള്ളത്. സർക്കാർ ഉത്തരവില്ലാതെ തുക തിരിച്ചടച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

154 ഗുണഭോക്താക്കളാണ് വായ്പാ തിരിച്ചടവിൽ കുടിശ്ശിക വരുത്തിയിട്ടുള്ളത്. വായ്പ യഥാസമയം തിരിച്ചടച്ചില്ലെങ്കിൽ വായ്പ നൽകിയ സ്ഥാപനവുമായി ഉണ്ടാക്കിയ കരാർ പ്രകാരം മെമ്പർ സെക്രട്ടറിക്കാണ് ബാധ്യത. വായ്പാ തുക എത്രയും പെട്ടെന്ന് തിരിച്ചടയ്ക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

**<u>3 - 15 സമഗ്ര വിദ്യാഭ്യാസ പരിപാടി - നടത്തിപ്പിൽ അപാകതകൾ - 1,31,956/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.</u>**

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | പ്രിൻസിപ്പാൾ, ഗവ. ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ, കൊയിലാണ്ടി |
| ചെലവ് | : | 2,04,500/- (ബിൽ നം. 5/31.03.2012) |
| | ; | 2,44,878/- (ബിൽ നം. 1/31.03.2012) |
| | ; | 1,93,115/- (ബിൽ നം. 3/31.03.2012) |

Local Fund Audit Department

സമഗ്ര വിദ്യാഭ്യാസ പരിപാടിയിൽപെടുത്തി നഗരസഭയിലെ വിവിധ വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് പ്രയോജനപ്രദമായ പരിപാടികൾ സംഘടിപ്പിച്ചു. ഈ പദ്ധതിയിൽപ്പെടുത്തി നടപ്പിലാക്കിയ ഏതാനും പരിപാടികളുടെ നടത്തിപ്പിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. <u>അത്ലറ്റിക്സ് ക്യാമ്പ്</u> :

ഈ ക്യാമ്പിന്റെ ചെലവിനായി 40,000/- രൂപ ചെലവഴിച്ചു. 10 ദിവസം ദൈർഘ്യമുണ്ടായിരുന്ന ഈ ക്യാമ്പിൽ ഏതൊക്കെ സ്കൂളുകളിലെ എത്ര കുട്ടികൾ പങ്കെടുത്തു, ഏതു തീയതികളിലാണ് പരിശീലന പരിപാടി നടത്തുന്നത് എന്നിങ്ങനെയുള്ള വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.

2. <u>അയൽപക്ക സ്കൂൾ - പോസ്റ്റർ പ്രചരണം</u>:

പൊതു വിദ്യാലയങ്ങളിൽ ചേർന്ന് വിദ്യാഭ്യാസം നേടുവാൻ വിദ്യാർത്ഥികളെ ആഹ്വാനം ചെയ്യുന്നതിനുള്ള പോസ്റ്ററുകൾ പ്രചരിപ്പിക്കുകയാണ് ലക്ഷ്യം വച്ചത്. 5,000/- മൾട്ടികളർ പോസ്റ്റർ

അച്ചടിച്ചതിന് 20,000/, രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പോസ്റ്ററുകൾ സ്റ്റോക്കിലെടുത്തിന്റെയും പ്രയോജനപ്പെടുത്തയതിന്റെയും വിരമില്ല.

3. <u>അമ്മ അറിയാൻ - പുസ്തകം അച്ചടിച്ചത്:</u>

32 പേജുള്ള ഈ പുസ്തകം വിവിധ സ്കൂളുകളിലെ കുട്ടികളുടെ അമ്മമാർക്ക് വിതരണം ചെയ്യാൻ ലക്ഷ്യംവെച്ചു തയ്യാറാക്കിയതാണ്. 1000 കോപ്പി പ്രിന്റ് ചെയ്തതിന് 17,000/- രൂപ ജ്ഞാനേശ്വരി പബ്ലിക്കേഷൻസ്, കോഴിക്കോട് എന്ന സ്ഥാപനത്തിനു നൽകി. പുസ്തകം വിതരണം ചെയ്തതിനു രേഖയില്ല.

4. <u>സർഗ്ഗ സൃഷ്ടി പ്രസിദ്ധികരണം:</u>

നഗരസഭാ പരിധിയിലെ വിദ്യാർത്ഥികളുടെ സാഹിത്യ രചനകൾ ഉൾപ്പെടുത്തി തയ്യാറാക്കിയ പ്രസിദ്ധീകരണത്തിന്റെ 1000 കോപ്പി അച്ചടിച്ചതിന്, കോഴിക്കോട് ജ്ഞാനേശ്വരി പബ്ലിക്കേഷന് 20,000/- രൂപ നൽകി. പുസ്തകം സ്റ്റോക്കിലെടുത്തതിന്റെയോ വിതരണം ചെയ്തതിന്റെയോ രേഖകളില്ല.

5. <u>ലൈബ്രറി പുസ്തകങ്ങളുടെ വിതതരണം</u>

13 ബില്ലുകളിലായി നഗരസഭയിലെ വിദ്യാലയങ്ങൾക്ക് ലൈബ്രറി പുസ്തകങ്ങൾ വിതരണം ചെയ്തതിന് 1,15,011/- രൂപ നൽകി. എന്നാൽ 10,001/- രൂപ വിലയ്ക്കുള്ള പുസ്തകങ്ങൾ ലഭിച്ചതിന് ബില്ല് ഇല്ല.

6. <u>വായനാമൂലയ്ക്ക് പുസ്തക വിതരണം:</u>

'വായനാമൂല' എന്ന പ്രൊജക്ടിനായി പുസ്തകങ്ങൾ വിതരണം ചെയ്തതിന് 38,000/- രൂപ ടി.ബി.എസ്. ന്റെ 6343 -ാം നമ്പർ തീയതിയില്ലാത്ത രസീതു പ്രകാരം തുക നൽകി. എന്നാൽ ഏതെല്ലാം പുസ്തകങ്ങളാണ് വിതരണം ചെയ്തത് എന്ന വിവരം വിവരം കാണിക്കുന്ന ബിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

7. <u>മെഡിക്കൽ കിറ്റ് വിതരണം:</u>

ടി.ബി.എസ്. ന്റെ 6341 - ാം നമ്പർ രസീതി പ്രകാരം മെഡിക്കൽ കിറ്റ് വിതരണം ചെയ്തതിന് 26,955/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ മെഡിക്കൽ കിറ്റ് സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന് രേഖയില്ല.

മുകളിൽ ക്രമ നമ്പർ 2, 3, 4 എന്നീ ഖണ്ഡികകളിൽ പരാമർശിച്ച 57,000/- രൂപയുടെ അച്ചടി ജോലി ചെയ്യിച്ചതിൽ നടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല. ഈ പ്രവൃത്തികൾക്കായി ക്ഷണിച്ച ക്വട്ടേഷനുകൾ ഓഡിറ്റു സമയത്ത് ഹാജരാക്കിയിട്ടില്ല. 07.09.2013 ന് നിർവ്വഹണോദ്യോഗസ്ഥൻ 3 ക്വട്ടേഷനുകൾ വീതം പരിശോധനയ്ക്ക് ഹാജരാക്കിയെങ്കിലും ക്വട്ടേഷൻ നോട്ടീസ്



Local Fund Audit Department

പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഈ ക്വട്ടേഷനുകളിലൊന്നും തീയതി രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഇവ എപ്പോൾ സമർപ്പിച്ചതാണെന്ന് വ്യക്തമല്ല. ലഭിച്ച ക്വട്ടേഷനുകളിൽമേൽ കേരള ഫിനാൻഷ്യൽ കോഡ് (വോള്യം - 1) ആർട്ടിക്കിൾ 133 പ്രകാരം നടപടികൾ സ്വീകിരച്ച് അംഗീകരിച്ചതിനു രേഖയില്ല. ഏറ്റവും കുറഞ്ഞ നിരക്കു രേഖപ്പെടുത്തി പ്രവൃത്തി ചെയ്തത് കോഴിക്കോടുള്ള ജ്ഞാനേശ്വരി പബ്ലിക്കേഷൻസ് എന്ന സ്ഥാപനമാണ് ക്വട്ടേഷൻ സമർപ്പിച്ച മറ്റു രണ്ടു സ്ഥാപനങ്ങൾ ഫറോക്ക് ചുങ്കത്തുള്ള പ്രഗതി ഗ്രാഫിക്സ്, പ്രിന്റേഴ്സ് ഓഫ്സെറ്റ് എന്നീ സ്ഥാപനങ്ങളാണ്. കൊയിലാണ്ടിയിലുള്ള ഒരു സ്ഥാപനം പോലും ക്വട്ടേഷൻ നൽകാത്തപ്പോൾ ദൂരത്തുള്ള സ്ഥാപനങ്ങളിൽ നിന്നുമാത്രം ക്വട്ടേഷൻ ലഭിച്ചതെങ്ങനെയെന്നും വ്യക്തമല്ല. പ്രവൃത്തി ചെയ്ത സ്ഥാപനമായ 'ജ്ഞാനേശ്വരി പബ്ലിക്കേഷൻസ്' നഗരസഭയിമല 14 - ാം വാർഡ് കൗൺസിലറായ ഷൈമ എന്നവരുടെ ഉടമസ്ഥതയിലുള്ളതാണെന്ന് നഗരസഭയിൽ നിന്നും ലഭ്യമാക്കിയ രേഖകളിൽ നിന്നും വ്യക്തമാകുന്നു. (കഅൺസിലർമാരുടെ മേൽവിലാസം ലഭ്യമാക്കിയതു പ്രകാരം) പ്രിന്റു ചെയ്ത സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയും വിനിയോഗിച്ചതിന്റെയും രേഖയില്ല. ഈ സാഹചര്യത്തിൽ ഈയിനത്തിലുള്ള 57,000/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല.

ക്രമനമ്പർ 5, 6 എന്നിവ പ്രകാരം 48,001/- രൂപ വിലയ്ക്കുള്ള പുസ്തകങ്ങളും ക്രമനമ്പർ 7 പ്രകാരം 26,955/- രൂപ വിലയ്ക്കുള്ള മെഡിക്കൽ കിറ്റും വിതരണം ചെയ്തതിന് രേഖകളില്ല. തന്മൂലം ഈയിനത്തിലുള്ള 74,956/- രൂപയുടെ ചെലവും (57,000 + 74,956) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

മുകളിൽ പരാമർശിച്ച 1,31,956/- (57,000+74,956) രൂപ ഉത്തരവാദിയായ പ്രൻസിപ്പാളിൽ നിന്ന് ഈടാക്കേ ണ്ടതാണ്.

Local Fund Audit Department

**3 - 16 കാർ വാടക - ഒരേ യാത്രയ്ക്ക് രണ്ടു വാഹനങ്ങളുടെ വാടക നൽകി**

05.06.2011 ന് മുനിസിപ്പൽ ചെയർപേഴ്സൺ കാർ വാടകയ്ക്കെടുത്ത് കോഴിക്കോട് യാത്ര നടത്തിയതിന് കെ.എൽ.18.സി - 2007 നമ്പർ കാറിന്റെ ഡ്രൈവർക്ക് (സന്ദീപ്) വൗച്ചർ നമ്പർ 219/23.06.2011 പ്രകാരം 600/- രൂപ വാടക നൽകി എന്നാൽ ഇതേ യാത്രയ്ക്ക് വൗച്ചർ നമ്പർ 197/18.06.2011 പ്രകാരം 1,036/- രൂപ കെ.എൽ.56 ബി - 3631 നമ്പർ കാറിന്റെ ഡ്രൈവർക്ക് വാടക നൽകിയിരുന്നു. രണ്ടു പ്രാവശ്യം വാടക നൽകിയിരുന്നു. രണ്ടു പ്രാവശ്യം വാടക നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല 1,036/- രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണ്.

**3 - 17 കണ്ടൽക്കാട് മ്യൂസിയം - പ്രഖ്യാപിത രീതിയിൽ പ്രവർത്തനമാരംഭിച്ചില്ല.**

| | | |
|---|---|---|
| പ്രൊജക്ട് നമ്പർ | - | എസ്.ഒ. 127/12 - കണ്ടൽ മ്യൂസിയം കെട്ടിട നിർമ്മാണം |
| നിർവ്വഹണം | - | മുനിസിപ്പൽ എഞ്ചിനിയർ |
| കരാറുകാരൻ | - | ശ്രീ. സി.വി. സെൽവരാജ് |
| ചെലവ് | - | 15,83,417/- രൂപ |
| | | (10,61,688/- രൂപ വികസന ഫണ്ട് |
| | | 72,000/- തനത്ഫണ്ട് |
| | | 1,96,312/- രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| | | 2,53,417/- ഉപാധിരഹിത ഫണ്ട് |

കൊയിലാണ്ടി നഗരസഭാ പ്രദേശത്തെ അണേലക്കടവിൽ സ്വകാര്യ വ്യക്തികളുടെ കൈവശ മുള്ള ഉദ്ദേശ്യം 110 ഏക്ര സ്ഥലത്ത് 17 ഇനങ്ങളിൽപ്പെട്ട കണ്ടൽച്ചെടികൾ വളരുന്നു. ഇവിടം ആസ്ഥാ നമാക്കി ഒരു മ്യൂസിയം, അക്വേറിയം, ലൈബ്രറി എന്നിവ സ്ഥാപിക്കുമെന്ന് നഗരസഭ തീരുമാനിച്ചി രുന്നു. അതിനുവേണ്ടി സ്വകാര്യ വ്യക്തികളിൽ നിന്നും കണ്ടൽ വനപ്രദേശം നഗരസഭ ഏറ്റെടുക്കേ ണ്ടിയിരുന്നു. എന്നാൽ 8 വർഷം കഴിഞ്ഞിട്ടും കണ്ടൽ വനപ്രദേശം സ്വകാര്യ വ്യക്തികളിൽ നിന്ന് ഏറ്റെടുക്കാൻ നടപടിയായിട്ടില്ല. മുൻ തീരുമാനത്തിന്റെ ചുവട് പിടിച്ച് 2011 - 2012 വർഷം സ്വകാര്യ വ്യക്തിയിൽ നിന്നും വാങ്ങിയ 3 സെന്റ് സ്ഥലത്ത് 15,83,417/- രൂപ ചെലവഴിച്ച് അണേലക്കടവിൽ ഒരു ഇരു നില കെട്ടിടം പണികഴിപ്പിച്ചിട്ടുണ്ട്. 26.07.2011 ന് നിർമ്മാണം പൂർത്തിയായ കെട്ടിടത്തിൽ യാതൊരു പ്രവർത്തനവും നടന്നിട്ടില്ല. ഈ കെട്ടിടത്തിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തേ ണ്ടത് എന്ന്പോലും രൂപരേഖയായിട്ടില്ല. 15 ലക്ഷത്തിലധികം തുക ചെലവഴിച്ച് ഒരു കെട്ടിടം നിർമ്മി ക്കുക വഴി നഗരസഭ ഒരു നിഷ്ക്രിയ ആസ്തികൂടി സൃഷ്ടിച്ചു എന്നതിൽക്കവിഞ്ഞ് കെട്ടിട നിർമ്മാണംകൊണ്ട് പ്രത്യേകിച്ച് ഒരു പ്രയോജനവും നഗരസഭയ്ക്കോ ജനങ്ങൾക്കോ ഉണ്ടായിട്ടില്ല. കെട്ടിടം കണ്ടൽക്കാട് സംരക്ഷണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തി അറിയിക്കേണ്ടതാണ്.

**3 - 18 മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി എൻ.എസ്.ഡി.പി. ഫണ്ടുപയോഗിച്ച് കോമൺ ഫെസിലിറ്റി സെന്റർ നിർമ്മിച്ചു -**

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെമ്പർ സെക്രട്ടറി, സി.ഡി.എസ്.

കുടുംബശ്രീ അംഗങ്ങൾക്ക് ന്യൂട്രിമിക്സ് യൂണിറ്റ് ആരംഭിക്കുന്നതിനായി 15 - ാം വാർഡിൽ ഒരു കോമൺ ഫെസിലിറ്റി സെന്റർ നിർമ്മിക്കുന്നതിനുവേണ്ടി താഴെ പറയും പ്രകാരം 5,88,824/- രൂപ ദേശീയ ചേരിവികസന പദ്ധതിക്കുവേണ്ടിയുള്ള ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

Local Fund Audit Department

| വൗച്ചർ നമ്പർ/ തീയതി | തുക | റിമാർക്സ് |
|---|---|---|
| 3 9- 3/09/30.09.09 | 1,75,000 | മൊബിലൈസേഷൻ അഡ്വാൻസ് |
| 132 - 6/10/10.06.2010 | 1,61,937 | 1 - ാം പാർട്ട് ബിൽ |
| 447 - 3/2011/31.03.2011 | 2,13,684 | ഫൈനൽ ബിൽ |
| 11 - 4/11/20.04.2011 | 24,256 | വാറ്റ് |
| 12 - 4/11/20.04.2011 | 6,064 | നിർമ്മാണതൊഴിലാളി ക്ഷേമനിധി വിഹിതം |
| 13 - 4/11/20.04.2011 | 7,883 | ആദായനികുതി |
| ആകെ | 5,88,824/- | |

ചെലവ്തുക 5,88,824/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു. ചേരിവികസന പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം ചേരി നിവാസികൾക്ക് ഭവനനിർമ്മാണം, ഭവന പുനരുദ്ധാരണം, കുടിവെള്ളം, കക്കൂസ് നിർമ്മാണം, റോഡ് നിർമ്മാണം തുടങ്ങിയ ആവശ്യങ്ങൾക്കാണ് എൻ.എസ്.ഡി.പി. ഫണ്ടുപയോഗിക്കാ വുന്നത്. ഇതിനു വിരുദ്ധമായി പ്രസ്തുത ഫണ്ടുപയോഗിച്ച് കോമൺ ഫെസിലിറ്റി സെന്റർ നിർമ്മിച്ചതിന' വിശദീകരണം നൽകേണ്ടതാണ്.

15 - ാം വാർഡ് എ.ഡി.എസ്. ആണ് പ്രവൃത്തി ഏറ്റെടുത്ത് നടത്തിയത് 2010 നവംബറിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ കെട്ടിടത്തിന്റെ വൈദ്യുതീകരണം നടത്തിയിട്ടില്ല. വൈദ്യുതീകരണത്തിനുള്ള 1,13,000/- രൂപയുടെ അംഗീകരിച്ച എസ്റ്റിമേറ്റ് പി.ഡബ്ല്യു.ഡി. ഇലക്ട്രിക് ഡിവിഷനിലെ എക്സി.എഞ്ചിനിയറുടെ 09.08.2011 - ലെ ഇ.എൽ.2-1041/2011 നം. കത്തുപ്രകാരം ലഭിച്ചിട്ടുണ്ട്. പിന്നീട് തുടർനടപടികളൊന്നുമുണ്ടായിട്ടില്ല. കെട്ടിടത്തിന്റെ വൈദ്യുതീകരണം നടത്തി ന്യൂട്രിമിക്സ് യൂണിറ്റ് പ്രവർത്തനമാരംഭിക്കേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

**3 - 19 അരീക്കര മീത്തൽ ലക്ഷംവീട് കോളനിയിൽ പൊതു കിണർ നിർമ്മാണം - ട്രഷറിയിൽ നിന്നും പിൻവലിച്ച തുക കൺവീനർ കൈപ്പറ്റുകയോ, തുക തിരിച്ചടയ്ക്കുകയോ ചെയ്തിട്ടില്ല.**

നഗരസഭയിലെ 23 - ാം വാർഡിൽ അരീക്കര മീത്തൽ ലക്ഷംവീട് കോളനിയിൽ പൊതു കിണർ നിർമ്മിക്കുന്നതിനുവേണ്ടി (പ്രൊജക്ട് നം. 263/12) ഗുണഭോക്തൃ കമ്മിറ്റി ചെയർമാൻ ശ്രീ. പി.എം. വേലായുധനും മുനിസിപ്പൽ എഞ്ചിനിയറും എഗ്രിമെന്റ് ഒപ്പിട്ടു. (ഉടമ്പടി നം. 95/11-12/ 19.03.2012) തുടർന്ന് കൺവീനർക്ക് നൽകാനായി 42,500/- രൂപ (വികസനഫണ്ട്) ട്രഷറിയിൽ നിന്ന് പിൻവലിക്കികയും അത്രയും തുകയ്ക്കുള്ള ബാങ്കേഴ്സ് (എസ്.ബി.ഐ)ചെക്ക് എടുക്കുകയും ചെയ്തു. (ബിൽ നം. 56/11-12, തീയതി. 31.03.2012 ബാങ്കേഴ്സ് ചെക്ക് നം. 750023 തീയതി 13.04.2012) തുക കൺവീനർ നാളിതുവരെ കൈപ്പറ്റിയിട്ടില്ല.

Local Fund Audit Department

ജി.ഒ. (പി) 177/2006 ധനം. 12.04.2006 നമ്പര ഉത്തരവുപ്രകാരം ട്രഷറിയിൽ നിന്നും പിൻവലിച്ച തുകയോ, തുകയ്ക്കുള്ള ഡി.ഡി.യോ 30 ദിവസത്തിനകം വിതരണം ചെയ്യപ്പെടാത്ത സന്ദർഭങ്ങളിൽ അവ ട്രഷറിയിൽ തിരിച്ചടക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വറയിക്കുള്ള മറുപടിയിൽ തുക തിരിച്ചടയ്ക്കാൻ നടപടിയെടുത്തിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. തുക പലിശസഹിതം തിരിച്ചടച്ച് വിവരം അിറയിക്കേണ്ടതും വിശദീകരണം നൽകേണ്ടതുമാണ്.

**<u>3 - 20 ജീവനക്കാരുടെ പെൻഷൻ വിഹിതം അടവ് വരുത്തുന്നത് - രശിത്/ചലാൻ ലഭ്യമാക്കേണ്ടതാണ്.</u>**

2011 - 12 വർഷം നഗരസഭയിലെ 40 റഗുലർ ജീവനക്കാരുടെ പെൻഷൻ വിഹിതം 8,99,368/- രൂപ താഴെപറയും പ്രകാരം തനത്ഫണ്ടിൽ നിന്നും ചെലവായിട്ടുണ്ട്. പെൻഷൻ അതാത് മാസത്തെ ശമ്പളബില്ലിനോടൊപ്പം പിൻവലിക്കുകയും തൊട്ടടുത്തമാസം തന്നെ നഗരകാര്യ ഡയറക്ടർക്ക് ഡി.ഡി. ആയി അയച്ചുകൊടുക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ അടയ്ക്കുന്ന തുകയ്ക്ക് രശീത് ലഭിക്കുന്നില്ല. പെൻഷൻ വിഹിതം സെൻട്രൽ പെൻഷൻ ഫണ്ടിൽ വരവു വെയ്ക്കുന്നത് ഉറപ്പു വരുത്തേണ്ടതും തൻവർഷം അടവ് വരുത്തിയ തുകയുടെ രശീതി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. രശീതിയുടെ അഭാവത്തിൽ 8,99,368/- രൂപ തടസ്സപ്പെടുത്തുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | വൗച്ചർ നം./തീയതി | തുക |
|---|---|---|
| 1. | 43 മുതൽ 47 വരെ 02.11.2011 | 79838 |
| 2. | 148 മുതൽ 152 വരെ 01.06.2011 | 79,275 |
| 3. | 232 മുതൽ 237 വരെ 01.07.2011 | 80,598 |
| 4. | 341 മുതൽ 345 വരെ 016.08.2011 | 81,834 |
| 5. | 412 മുതൽ 416 വരെ 01.08.2011 | 92,640 |
| 6. | 516 മുതൽ 521 വരെ 01.10.2011 | 78,603 |
| 7. | 569 മുതൽ 573 വരെ 02.11.2011 | 78,316 |
| 8. | 670 മുതൽ 674 വരെ 01.12.2011 | 82,651 |
| 9. | 742 മുതൽ 746 വരെ 23.12.2011 | 79,763 |
| 10. | 904 01.02.2012 | 78787 |
| 11. | 1007 01.03.2012 | 87,063 |
| | **ആകെ** | **8,99,368/-** |

Local Fund Audit Department

**<u>3 - 21 കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ വിഹിതം പെൻഷൻ ഫണ്ടിൽ അടയ്ക്കുന്നില്ല</u>**

കേരള മുനിസിപ്പൽ കണ്ടിജന്റ് എംപ്ലോയീസ് ഡെത്ത്-കം-റിട്ടയർമെന്റ് ബെനിഫിറ്റ് റൂൾസ്, 1997 [ജി.ഒ.(പി) 96/97 എൽ.എ.ഡി., തീയതി] 03.05.97)ചട്ടം 187 (2) പ്രകാരം, മുനിസിപ്പൽ കണ്ടിജന്റ് ജീവനക്കാരുടെ ശമ്പളത്തിന്റെ 15% തുക പ്രത്യേക ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. നഗരസഭയിലെ 24 കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ വിഹിതം, ഒരു മാസത്തേക്ക് ശരാശരി 63,527/- രൂപ തോതിൽ, ഒരു വർഷത്തേക്ക് 7,62,324/- രൂപ അടക്കേണ്ടതാണ്. എന്നാൽ 2011 - 2012 വർഷം മാർച്ച് മാസത്തെ ശമ്പളബില്ലിൽ നിന്ന് 30,781/- രൂപയും നവംബറിലെ ശമ്പളബില്ലിൽ നിന്ന് 53,099/- രൂപയുമടക്കം അഅകൈ 83,880/- രൂപയാണ് ഇതിനായുള്ള ടി.പി.എ. 260 നമ്പർ അക്കൗണ്ടിൽ അടച്ചത്.

തൻവർഷം 6 കണ്ടിജന്റ് പെൻഷണർമാർക്ക് പെൻഷൻ നൽകുന്നതിനായി 4,23,163/- രൂപ ചെലവഴിച്ചിട്ടുണ്ട്. 25.05.2012 ന് ശേഷം പ്രസ്തുത അക്കൗണ്ടിൽ ഇടപാടുകളൊന്നും നടത്തിയിട്ടില്ല. 25.05.2012 ന് 22,065/- രൂപ ടി അക്കൗണ്ടിൽ നിക്കിയിരിപ്പുണ്ട്. ചട്ടപ്രകാരം കണ്ടിജന്റ് ജീവനക്കാരുടെ ശമ്പബില്ലിൽ നിന്നും 15% തുക പ്രസ്തുത അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതും പെൻഷൻ വിതരണം ഈ അക്കൗണ്ടിലൂടെ നടത്തേണ്ടതുമാണ്.

Local Fund Audit Department

**3 - 22 മുൻസിപ്പൽ പെൻഷൻ ഫണ്ട് - സെൻട്രൽ പെൻഷൻ ഖണ്ടിൽ നിന്നും തുക ലഭിക്കുന്നില്ല.**

പതിനാല് റഗുലർ പെൻഷണർമാർക്ക് പെൻഷൻ നൽകുന്നതിനായി 17,76,752/- രൂപ തൻവർഷം ചെലവ് ചെയ്തിട്ടുണ്ട്. ഇതിൽ 4,01,438/- രൂ. പെൻഷൻ ഫണ്ടിൽ നിന്നും (ടി.പി.എ. 263) ബാക്കി 13,75,314/- രൂപ തനതുഫണ്ടിൽ നിന്നുമാണ് നൽകിയിട്ടുള്ളത്. 2011 - 12 വർഷം മുതൽ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും പെൻഷൻ വിതതരണത്തിനായി തുക ലഭിക്കുന്നില്ല. നഗരസഭയുടെ കണക്കു പ്രകാരം 1997 - 98 വർഷം മുതൽ 2012 - 13 വരെ 83,08,335/- രൂപ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിക്കാനുണ്ട്. ഇതിനായി ഉള്ള ടി.പി.എ. 263 അക്കൗണ്ടിൽ (സബ് ട്രഷറി, കൊയിലാണ്ടി) 01.07.2013 ന് 3,58,543/- രൂപ നിക്കിയിരിപ്പുണ്ട്.

1996 - ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത്-കം-റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങൾ ചട്ടം 9 (4) പ്രകാരം, എല്ലാ വർഷവും ഫെബ്രുവരി മാസം അവസാനിക്കുതിനു മുൻപ്, ആവശ്യമായ തുക അനുവദിക്കാൻ സെക്രട്ടറി, പെൻഷണർമാരുടെ പട്ടികസഹിതം ഡയറക്ടർക്ക് അപേക്ഷിക്കേണ്ടതാണെന്ന് പറയുന്നുണ്ടെങ്കിലും ലിസ്റ്റ് സഹിതം എല്ലാ വർഷവും തുക

ആവശ്യപ്പെട്ടതായി കാണുന്നില്ല. സെൻട്രൽ പെൻഷൻഫണ്ടിൽ നിന്നും 1997 - 98 വർഷം മുതൽ ലഭിക്കാനുള്ള തുകകൾ ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും നഗരസഭാ ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്ന നടപടി ഒഴിവാക്കേണ്ടതുമാണ്. ചട്ടവിരുദ്ധമായി ചെലവഴിച്ച തുക തടസ്സത്തിൽ വയ്ക്കുന്നു.

## 3 - 23 കുട്ടികളുടെ ലൈബ്രറി - ഭൗതിക സാഹചര്യങ്ങൾ പര്യാപ്തമെങ്കിലും പ്രവർത്തനം കാര്യക്ഷമമല്ല.

നഗരസഭയുടെ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന കുട്ടികളുടെ ലൈബ്രറിയിൽ 2800 ലധികം പുസ്തകങ്ങളുണ്ട്. ഓണറേറിയം വ്യവസ്ഥയിലാണ് ലൈബ്രേറിയനെ നിയമിച്ചിരിക്കുന്നത്. ലൈബ്രറിയിൽ ആവശ്യമായ ഫർണിച്ചറും അനുബന്ധ സൗകര്യങ്ങളും ലൈബ്രറിയുടെ പ്രവർത്തനത്തിനു പര്യാപ്തമാണെന്ന് ലൈബ്രേറിയൻ അറിയിച്ചു. എന്നാൽ താഴെപ്പറയുന്ന കാരണങ്ങളാൽ ലൈബ്രറിയുടെ പ്രവർത്തനം കാര്യക്ഷമമല്ല.

1. ലൈബ്രറിയുടെ പ്രവർത്തനത്തിനാവശ്യമായ ഒരു നിയമാവലി (ബൈലോ) തയ്യാറാക്കി നഗരസഭ അംഗീകരിച്ചിട്ടില്ല.
2. ലൈബ്രറിയിൽ അംഗീകൃത മെമ്പർമാരില്ല. മെമ്പർമാരിൽനിന്ന് പ്രവേശന ഫീ, വരിസംഖ്യ എന്നിവ ഈടാക്കുന്നില്ല.
3. നഗരസഭയുടെ വാർഷിക പദ്ധതികളിൽപ്പെടുത്തി വാങ്ങിയ പുസ്തകങ്ങൾക്ക് നമ്പർ നൽകി പ്രസക്തമായ വിവരങ്ങൾ ചേർത്ത് സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. തന്മൂലം പുസ്തകങ്ങൾ നഷ്ടപ്പെട്ടാൽ തുടർ നടപടികൾ സാധ്യമല്ലാതെ വരുന്നു.
4. ലൈബ്രേറിയൻ ഹാജരാക്കിയ രേഖകൾ പ്രകാരം 02.02.2011 മുതൽ പുസ്തകവിതരണം ആരംഭിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ 268 പുസ്തകങ്ങൾ മാത്രമേ വിതരണം നടത്തിയിട്ടുള്ളൂ. ലൈബ്രറിയുടെ സേവനം പ്രയോജനപ്പെടുത്താൻ വായനക്കാർ താൽപര്യംമെടുക്കുന്നില്ല എന്നാണ് ഇതു സൂചിപ്പിക്കുന്നത്.
5. പുസ്തകം വിതരണം ചെയ്യുന്ന രജിസ്ടറിൽ പ്രസക്തമായ വിവരങ്ങളൊന്നും ചേർക്കാതെ വായനക്കാർക്ക് പുസ്തകം നൽകുന്നു.
6. ലൈബ്രേറിയന് പ്രതിമാസ ഹോണറേറിയമിനത്തിൽ 2,000/- രൂപ നൽകുന്നുണ്ടെങ്കിലും ഈ നിയമനത്തിന് സർക്കാർ അംഗീകാരം ലഭ്യമാക്കിയിട്ടില്ല.

അപാകതകൾ പരിഹരിച്ച് ലൈബ്രലിയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടിയെടുക്കേണ്ടതാണ്.

Local Fund Audit Department

**3 - 24 ചെയർമാന്റെ ദുരിതാശ്വാസനിധി രൂപീകരണവും നടത്തിപ്പും - അപാകതകൾ** :

2003 ലെ കേരളാ മുനിസിപ്പാലിറ്റി ദുരിതാശ്വാസ നിധി രൂപീകരണചട്ടങ്ങൾ പ്രകാരം നഗരസഭയിൽ 2003-04 മുതൽ ദുരിതാശ്വാസനിധി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. ദുരിതാശ്വാസനിധിയിലേക്ക് ഫണ്ട് രൂപീകരിക്കുവാനും അതു വിനിയോഗിക്കുവാനും അനുവർത്തിക്കേണ്ട നടപടികൾ ദുരിതാശ്വാസനിധി ചട്ടങ്ങളിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്. എന്നാൽ കൊയിലാണ്ടി നഗരസഭയിൽ ദുരിതാശ്വാസനിധി രൂപീകരിച്ച് കൈകാര്യം ചെയ്യുന്നതിൽ ഈ ചട്ടങ്ങളിലെ പല വ്യവസ്ഥകളും പാലിക്കപ്പെടുന്നില്ലെന്നു ശ്രദ്ധയിൽപ്പെടുകയുണ്ടായി.

1) ദുരിതാശ്വാസനിധി രൂപീകരണ ചട്ടങ്ങളിലെ ചട്ടം 3(2) പ്രകാരം വിനോദപരിപാടികൾ സംഘടിപ്പിച്ചും പൊതുജനങ്ങളിൽ നിന്ന് സംഭാവന സ്വീകരിച്ചും ഫണ്ട് സ്വരൂപിക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. എന്നാൽ ഇതനുസരിച്ച് ഫണ്ട് സമാഹരണത്തിനവലംബിക്കേണ്ട രീതി സംബന്ധിച്ച് തീരുമാനമെടുത്തതിന്റെ രേഖയില്ല.

2) പ്രസ്തുത ചട്ടം 3(5) പ്രകാരം വ്യക്തികൾ സംഭാവന നൽകുമ്പോൾ ആയതിന് രശീതി നൽകണമെന്ന വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ ഇപ്രകാരം രശീതി നൽകാതെയാണ് ധനസമാഹരണം നടത്തിയിട്ടുള്ളത്.

3) ദുരിതാശ്വാസനിധിയുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും നടപ്പിലാക്കുന്നതിനും വേണ്ടി രൂപീകരിക്കപ്പെട്ട സബ് കമ്മിറ്റിയുടെ യോഗം ചേരുന്നതിൽ വലിയ ഇടവേളകൾ ഉണ്ടാകുന്നു. 2011-12 വർഷത്തിൽ 29.6.2011, 14.12.2011, 25.1.2012 എന്നീ തീയതികളിൽ മാത്രമാണ് യോഗം ചേർന്നത്. 10.9.2012 നു ശേഷം 25.5.2013 നു മാത്രമാണ് യോഗം ചേർന്നത്.

4) ദുരിതാശ്വാസ നിധിയു.ടെ വരവു ചെലവുകണക്കുകൾ ഓരോ മാസവും സെക്രട്ടറി തയ്യാറാക്കി നഗരസഭാ കൗൺസിലിന്റെ മുമ്പാകെ വയ്ക്കണമെന്ന ചട്ടം പാലിക്കപ്പെടുന്നില്ല. (ചട്ടം 6)

5) ക്യാഷ് ബുക്ക് സൂക്ഷിക്കുന്നുണ്ടെങ്കിലും ഇതിലെ രേഖപ്പെടുത്തലുകൾ വരവ് ചെലവ് കൃത്യമായി പ്രതിഫലിപ്പിക്കുന്ന രീതിയിലല്ല. തന്മൂലം 2011-12 വർഷത്തെ വരവ് ചെലവ് സംബന്ധിച്ച് കൃത്യതയില്ല.

അപാകതകൾ പരിഹരിച്ച് നിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നഗരസഭാ കൗൺസിൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

**3 - 25 സിഡ്കോയിൽ നിന്നും വാങ്ങിയ താറിന് അധികവില നൽകിയത് സംബന്ധിച്ച്**

2011-12 സാമ്പത്തികവർഷം വിവിധ റോഡ് പ്രവൃത്തികൾക്കു വേണ്ടി സിഡ്കോയിൽ നിന്നും 300 ബാരൽ പാക്ക്ഡ് ബിറ്റുമിൻ വാങ്ങിയതിന് താഴെ വിവരിക്കും വിധം തുക അനുവദിച്ചു.

Local Fund Audit Department

| വൗച്ചർ നം./തീയതി | നൽകിയ തുക | മറ്റു വിശദവിവരം |
|---|---|---|
| 809/4.1.2012 | 440542/-രൂപ (60 ബാരൽ വില) | ചെക്ക് നം.887185/4.1.12 |
| 887/30.1.2012 | 880985/-രൂപ (120 ബാരൽ വില) | ചെക്ക്നം.1372487/30.1.12 |
| 980/22.2.12 | 874523/-രൂപ (120 ബാരൽ വില) | ചെക്ക് നം.1372492/22.2.12 |
| **ആകെ** | **21,96,050/-രൂപ** | |

സിഡ്കോയുടെ ഇൻവോയ്സ് പ്രകാരം 300 ബാരൽ താറിന്റെ വില താഴെ പറയും പ്രകാരമാണ്.

| ഇൻവോയ്സ് നം./തീയതി | വാങ്ങിയ താർ അളവ് | ഇൻവോയ്സ് പ്രകാരം അടക്കേണ്ട തുക | അടച്ചത് | അധികം അടച്ചത് |
|---|---|---|---|---|
| 18321/11.1.2012 | 60 ബാരൽ | 4,40,542/- | 4,40,542/- | ഇല്ല |
| 8251/3.2.2012 | 60 ബാരൽ | 4,23,470/- | 8,80,985/- | 34,045/- |
| 11999/3.2.2012 | 60 ബാരൽ | 4,23,470/- | | |
| 8228/29.2.12 | 60 ബാരൽ | 4,37,261/- | 8,74,523/- | 16,243/- |
| 8234/1.3.12 | 60 ബാരൽ | 4,21,019/- | | |
| **ആകെ** | | **21,45,762/-** | **21,96,050/-** | **50,288/-** |

Local Fund Audit Department

സിഡ്കോയ്ക്ക് അധികം നൽകിയ 50,288/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

**<u>3 - 26 കുടുംബശ്രീ വിപണനമേള - ജില്ലാ മിഷനിൽ നിന്നും ലഭിച്ച തുക വിനിയോഗിച്ചില്ല</u>**

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെമ്പർ സെക്രട്ടറി, സി.ഡി.എസ്.

പ്രൊജക്ട് നമ്പർ : 120/12
അടങ്കൽ : 2,00,000/- (തനതുഫണ്ട്)
ചെലവ് : 50,000/- (ചെക്ക്നം.494055/29.8.11)
79,200/- (ചെക്ക്നം.494106/3.11.11)
ആകെ : 1,29,200/-
===========

കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ 28.08.2011 മുതൽ 07.09.2011 വരെ നടത്തിയ ഓണം, റംസാൻ വിപണനമേളയ്ക്ക് വേണ്ടി മേൽ പ്രൊജക്ട് പ്രകാരം നഗരസഭയുടെ തനതുഫണ്ടിൽ നിന്നും 1,29,200/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിപണനമേളയ്ക്ക് വേണ്ടി ജില്ലാ മിഷനിൽ നിന്നും 32,206/- രൂപ (ചെക്ക് നം. 815062/2.11.2011) 02.11.2011 ന് ലഭിച്ചിട്ടുണ്ട്. പ്രസ്തുത തുക

വിനിയോഗിക്കാതെ കുടുംബശ്രീയുടെ ഫണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. 32,206/- രൂപ കുടുംബശ്രീയുടെ ഫണ്ടിൽ നിന്നും പിൻവലിച്ച് നഗരസഭയുടെ ഫണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. 32,206/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

**3 - 27 സി.ഡി.എസ്. മെമ്പർ സെക്രട്ടറി വിർവ്വഹണം നടത്തിയ വിവിധ ഭവന പദ്ധതികൾ - ലക്ഷ്യം കൈവരിച്ചില്ല**

സി.ഡി.എസ്. മെമ്പർ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ ഭവന പദ്ധതികളുടെ ചില ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും പ്രവൃത്തി പൂർത്തീകരിച്ച് മുഴുവൻ ധനസഹായവും കൈപ്പറ്റിയിട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| പ്രൊജക്ട് | ആരംഭിച്ച വർഷം | ആകെ ധന സഹായം | ഗുണഭോക്താക്കളുടെ എണ്ണം | പ്രവൃത്തി പൂർത്തീകരിക്കാൻ ബാക്കിയുള്ളത്. | റിമാർക്സ് |
|---|---|---|---|---|---|
| വാംബെ | 2002 | 40,000 | 653 | 71 | പദ്ധതി 2005-ൽ നിർത്തലാക്കിയതാണ്. |
| ഐ.എച്ച്. എസ്.ഡി.പി | 2007 | 80,000 | 272 | 89 | മാർച്ച് 2014 ന് കാലാവധി അവസാനിക്കുന്നതാണ്. |
| ഇ.എം.എസ്. ഭവനപദ്ധതി | 2010 | 75,000 | 373 | 233 | -- |

മേൽ ഭവനപദ്ധതികൾ പ്രകാരമുള്ള ധനസഹായം 2 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. വാംബേ, ഇ.എം.എസ്. ഭവനപദ്ധതികളിൽ 15.9.11 ന് മുമ്പ് ഒന്നോ അധിലധികമോ ഘട്ടങ്ങൾ പൂർത്തീകരിച്ച് ധനസഹായം സ്വീകരിച്ചവർക്ക് ശേഷിക്കുന്ന ഘട്ടങ്ങൾക്ക് ആനുപാതിക വർദ്ധനവും ഐ.എച്ച്.എസ്.ഡി.പി. പദ്ധതിയിൽ വിവിധ ലെവലുകൾ (പ്ലിന്ത്/ലിന്റൽ/റൂഫ്) പൂർത്തീകരിച്ചവർക്ക് ശേഷിക്കുന്ന ചെലവുകൾക്ക് ആനുപാതിക വർദ്ധനവും ബാധകമായിരിക്കും. എന്നാൽ ഇതിനനുസൃതമായി ഫണ്ട് വകയിരുത്താത്തതിനാൽ ഗുണഭോക്താക്കൾക്ക് തുക നൽകാൻ കഴിയുന്നില്ല എന്ന് 26.7.2013 ലെ 10-ാം നമ്പർ എൻക്വയറിയ്ക്ക് നൽകിയ മറുപടിയിൽ സി.ഡി.എസ്. മെമ്പർ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. എല്ലാ ഗുണഭോക്താക്കളും ഭവന നിർമ്മാണം പൂർത്തിയാക്കിയാൽ മാത്രമേ ഭവനപദ്ധതിതശ ലക്ഷ്യം കൈവരിക്കുകയുള്ളൂ. ആയതിനാൽ മേൽപറഞ്ഞ പദ്ധതികൾ പ്രകാരം ബാക്കിയുള്ള ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കാൻ ആവശ്യമായ ഫണ്ട് വകയിരുത്തി പ്രൊജക്ട് രൂപീകരിക്കാനും പ്രവൃത്തി പൂർത്തീകരിക്കാനുമുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

Local Fund Audit Department